
സീറോ മലബാർ

# വചനബോധി

Vol.18 No. 07 July 2021



കാരുണികൻ
സമഗ്ര ദൈവശാസ്ത്ര മാസിക

# വചനബോധി
## സീറോമലബാർ

പത്രാധിപസമിതി

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ
- ഫാ.സ്റ്റെബിൻ വിതയത്തിൽ

## ഉള്ളടക്കം

**ആഗസ്റ്റ് 01 — കൈത്താ 4-ാം ഞായർ**
Page :03
ഏശ 9:13 – 21; മർക്കോ 7:1 – 13
- ഡോ. മൈക്കിൾ കാരിമറ്റം
- ഫാ. റോബിൻ കാരിക്കാട്ട് MCBS

**ആഗസ്റ്റ് 08 — കൈത്താ 5-ാം ഞായർ**
Page :10
ഏശ 28:14 – 22; ലൂക്കാ 16:19 – 31
- ഡോ. മൈക്കിൾ കാരിമറ്റം
- ഡോ. ഫിലിപ്പ് കാരക്കാട്ട്

**ആഗസ്റ്റ് 15 — സ്വർഗാരോപണത്തിരുനാൾ**
Page :18
ഏശ 29:19 – 24; ലൂക്കാ 17:11 – 19
- ഡോ. മാത്യു ഓലിക്കൽ MCBS
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. ബിൽജു വാഴപ്പിള്ളി

**ആഗസ്റ്റ് 22 — കൈത്താ 7-ാം ഞായർ**
Page :27
ഏശ 33:1 – 15; ലൂക്കാ 18:1 – 8
- ഡോ. മാത്യു ഓലിക്കൽ MCBS
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. പ്രസാദ് കുരിശുങ്കൽ CST

**ആഗസ്റ്റ് 29 — ഏലിയ സ്ലീവ മൂശ 1-ാം ഞായർ**
Page :35
ഏശ 31:4 – 9; ലൂക്കാ 18:35 – 43
- ഡോ. ജോസഫ് മലേപറമ്പിൽ MCBS
- ഫാ. ജോണി വെട്ടുകാട്ടിൽ MCBS

# ആഗസ്റ്റ് 01
# കൈത്താ 4–ാം ഞായർ

## ഭാഷ്യം

ഏശ 9:13-21 | മർക്കോ 7:1-13

### ഏശ 9:13-21
### സന്ദർഭം

ബി.സി 931-ൽ സോളമന്റെ മരണത്തിനുശേഷം ഇസ്രായേൽജനം രണ്ടുരാജ്യങ്ങളായി പിരിഞ്ഞു. പത്തുഗോത്രങ്ങൾ, വടക്ക് ഇസ്രായേൽ എന്ന പേരിൽ ഒരു രാജ്യം സ്ഥാപിച്ചു; സമറിയാ ആയിരുന്നു തലസ്ഥാനം. യൂദാ-ബെഞ്ചമിൻ ഗോത്രങ്ങൾ, യൂദാ എന്ന പേരിൽ, ജറുസലെം കേന്ദ്രമാക്കി ഭരണം തുടർന്നു. ഇരുരാജ്യങ്ങളും തമ്മിൽ, ചുരുക്കം ഇടവേളകളൊഴികെ യുദ്ധമുണ്ടായിരുന്നു. ബി.സി 722-ൽ അസീറിയൻ സൈന്യം സമറിയ കീഴടക്കി നശിപ്പിച്ചു; ഇസ്രായേൽ എന്ന രാജ്യം അതോടെ അവസാനിച്ചു. ഈ അവസാനനാളുകൾക്ക് ഏതാനും വർഷങ്ങൾ മുമ്പാണ് ദൈവം ഏശയ്യായിലൂടെ കഠിനമായ ശിക്ഷാവിധിയുടെ മുന്നറിയിപ്പ് നൽകിയത്. ആ മുന്നറിയിപ്പുകളുടെ ഭാഗമാണ് ഇന്നത്തെ ധ്യാനവിഷയം. വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള പ്രവചനത്തിനു (ഏശ 9:1-7) തൊട്ടുപിന്നാലെ, ശിക്ഷയുടെ വിവരണങ്ങൾ കാണാം (9:8-10,4). “അവിടുത്തെ കരം ഇപ്പോഴും ഉയർന്നുനിൽക്കുന്നു” എന്ന് ഈ ഭാഗത്ത്നാലുതവണ ആവർത്തിക്കുന്നു (9:12-17.21,10,4) ഏശ 5:25-30-ൽ രേഖപ്പെടുത്തിയിരിക്കുന്ന ശിക്ഷാവിധിയുടെ തുടർച്ചയാണിത് (5:25 പ്രത്യേകം ശ്രദ്ധിക്കുക).

## സാരം

ദൈവം ആവശ്യപ്പെടുന്നത് അവിടുത്തെ ഉടമ്പടിയുടെ നിയമങ്ങൾ അനുസരിച്ചുള്ള ജീവിതമാണ്. പുരോഹിതർ ആ നിയമങ്ങൾ പഠിപ്പിക്കണം; നിയമങ്ങളനുസരിച്ച് രാജാവ് ജനത്തെ നയിക്കണം; വഴിതെറ്റിയാൽ പ്രവാചകൻ ചൂണ്ടികാണിക്കണം, തിരുത്തണം, മാനസാന്തരത്തിലേക്കു ക്ഷണിക്കണം. എന്നാൽ ഇസ്രായേലിൽ ഇതൊന്നും ഉണ്ടായില്ല. പ്രകൃതിക്ഷോഭങ്ങൾ, മഹാമാരികൾ, യുദ്ധം, പട്ടിണി എല്ലാം മാനസാന്തരത്തിനുള്ള ആഹ്വാനങ്ങളായി അവർ മനസിലാക്കിയില്ല. ദരിദ്രർക്കു നീതി നിഷേധിച്ചു, ധനികർ ആഡംബരങ്ങളിൽ മുഴുകി, പുരോഹിതരും വ്യാജപ്രവാചകരും അവർക്കു കൂട്ടുനിന്ന്, ആഘോഷിച്ചു. അതിനാൽ ഒഴിവാക്കാമായിരുന്ന ശിക്ഷാവിധി ആസന്നമായിരിക്കുന്നു എന്ന് പ്രവാചകനിലൂടെ ദൈവം അറിയിക്കുന്നു. "കർത്താവിന്റെ കോപം ശമിച്ചില്ല. കരം ഉയർന്നുതന്നെ നിൽക്കുന്നു" (9:17) എന്ന് വീണ്ടും വീണ്ടും ആവർത്തിക്കുന്നതിലൂടെ യഥാർത്ഥ മാനസാന്തരത്തിന്റെ അടിയന്തരമായ ആവശ്യകതയും അതുണ്ടായില്ലെങ്കിൽ സംഭവിക്കാൻപോകുന്ന ഭീകരദുരന്തങ്ങളും പ്രവാചകൻ എടുത്തുകാട്ടുന്നു. ഇതെല്ലാം ബി.സി 722-ൽ സംഭവിച്ചു. അത് യൂദായ്ക്കും ഒരു പാഠമായിരിക്കണം, നമുക്കും!

## സന്ദേശം

മനുഷ്യൻ സർവ്വശക്തനല്ല, സർവ്വാധിപനുമല്ല; ദൈവത്തിന്റെ നിയമങ്ങൾക്കു കീഴ്പെട്ടവനാണ്. ആ നിയമങ്ങളിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നാണ് സഹജീവികളിൽ ദൈവത്തിന്റെ മുഖംകണ്ട്, അവരെ സഹോദരങ്ങളായി തിരിച്ചറിഞ്ഞ് സ്നേഹിക്കുക, ആദരിക്കുക, സംരക്ഷിക്കുക എന്നത്. മനുഷ്യൻ മനുഷ്യനെതിരേ ചെയ്യുന്ന അതിക്രമങ്ങൾ ശിക്ഷ വിളിച്ചുവരുത്തും. പ്രകൃതിനിയമങ്ങളെ മാനിച്ചില്ലെങ്കിൽ പ്രകൃതിയിലൂടെതന്നെ ശിക്ഷയുണ്ടാകും. ഇത് നിരാശയിലേക്കല്ല, മാനസാന്തരത്തിലേക്ക് നയിക്കണം. ശിക്ഷിക്കാനായി ഉയർത്തിയ ദൈവകരം അപ്പോൾ അനുഗ്രഹിക്കുന്നതായി കാണാൻ കഴിയും.

**ഡോ. മൈക്കിൾ കാരിമറ്റം**

## മർക്കോ 7:1-13

## സന്ദർഭം

യേശുവിന്റെ കാലത്തെ യഹൂദനേതൃനിരയിലെ രണ്ടു പ്രധാനഘടകങ്ങളായിരുന്നു ഫരിസേയരും നിയമജ്ഞരും. മോശയിലൂടെ നൽകപ്പെട്ട ദൈവികനിയമങ്ങളും യഹൂദറബ്ബിമാർ അവയ്ക്കുകൊടുത്ത വ്യാഖ്യാനങ്ങളും അക്ഷരാർത്ഥത്തിൽ അനുസരിക്കും എന്ന് വ്രതം ചെയ്തവരായിരുന്നു ഫരിസേയർ. നിയമത്തിന്റെ വിശദാംശങ്ങൾ ഇഴകീറി അപഗ്രഥിക്കുകയും ജനത്തെ പഠിപ്പിക്കുകയും ചെയ്തിരുന്നവരാണ് നിയമജ്ഞർ. ഈ രണ്ടുകൂട്ടരുമാണ് യേശുവിനെ അപകടകാരിയായ നിയമനിഷേധിയും ബദ്ധശത്രുവുമായി കണ്ട് എതിർത്തത്. എല്ലാം നിയമനിഷേധവും അതിനാൽത്തന്നെ ദൈവനിഷേധവുമായി അവർ വ്യാഖ്യാനിച്ചു. ഈ സാഹചര്യത്തിലാണ് 'കൈകഴുകൽ' എന്ന ഒരു പരമ്പരാഗതാചാരം തർക്കവിഷയമാകുന്നത്.

## സാരം

ഭക്ഷണത്തിനുമുമ്പ് കൈകഴുകി വൃത്തിയാക്കുന്നതല്ല ഇവിടെ ചർച്ചാവിഷയം, മറിച്ച് കൈകഴുകൽ എന്ന അനുഷ്ഠാനമാണ്. ഭക്ഷണത്തിനുമുമ്പും ഭക്ഷണത്തിനിടയിലും പലതരം വിഭവങ്ങൾ ഭക്ഷിക്കാൻ തുടങ്ങുമ്പോഴും ഈ കഴുകൽ ആവശ്യമായിരുന്നു. കൈ എത്രമാത്രം കഴുകണം, എന്തുമാത്രം വെള്ളം അതിന് ഉപയോഗിക്കണം എന്നതെല്ലാം തർക്കവിഷയങ്ങളായിരുന്നു. അതുപോലെതന്നെ പാ ത്രങ്ങൾ കഴുകൽ, അങ്ങാടിയിൽനിന്നു തിരിച്ചുവീട്ടിൽ വരുമ്പോൾ കാൽ-ദേഹം കഴുകൽ ഇതെല്ലാം ശുദ്ധീകരണ പ്രക്രിയകളായിരുന്നു. ഭക്ഷണവുമായി ബന്ധപ്പെട്ട കൈകഴുകലിനെക്കുറിച്ച് നിലനിന്ന ആധികാരികപ്രബോധനം അനുസരിച്ച് ഇരുകൈകളുടെയും മൂന്നു വിരലുകളെങ്കിലും നനയണം. അതിന് ഒരു മുട്ടത്തോടിന്റെ പകുതിയിൽ കൊള്ളുന്നത്ര വെള്ളമെങ്കി ലും വേണം. കഴുകി വൃത്തിയാക്കുക എന്നതല്ല ലക്ഷ്യം എന്നത് ഇതിൽനിന്നു വ്യക്തമാണ്.

യേശു ഈ ബാഹ്യാനുഷ്ഠാനങ്ങളിൽനിന്ന് ആന്തരിക വിശുദ്ധിയിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അനുഷ്ഠാനപ്രധാനമായ മതകർമങ്ങളും അധരവ്യായാമം മാത്രമായ പ്രാർത്ഥനകളും ഇവിടെ പ്രതിക്കൂട്ടിലാകുന്നു. നിയമത്തിന്റെ കാതൽ സ്നേഹമാണെന്നു മനസ്സിലാക്കാതെ ആചാരങ്ങൾ അനുഷ്ഠിക്കുകയും അതു ചെയ്യാത്തവരെ കുറ്റംവിധിക്കുകയും മാത്രമല്ല, സുപ്രധാനമായ നിയമങ്ങൾ ലംഘിക്കുന്നതിനുതകുന്ന വ്യാഖ്യാനങ്ങൾ ചമയ്ക്കുകയും ചെയ്യുന്നവർക്കെതിരെ കർശനമായ വിമർശനങ്ങളും കഠിനമായ താക്കീതുകളുമാണ് യേശുവിൽ നിന്നുയരുന്നത്.

## സന്ദേശം

"നിങ്ങൾക്കു ലഭിച്ച പാരമ്പര്യംവഴി ദൈവവചനം നിങ്ങൾ വ്യർത്ഥമാക്കുന്നു" (മർക്കോ 7:13) എന്ന യേശുവിന്റെ വിമർശനത്തിന്റെ പ്രാധാന്യം ഇന്നും ഒട്ടും കുറഞ്ഞിട്ടില്ല, പ്രത്യേകിച്ചും മതാനുഷ്ഠാനങ്ങളുടെ തലത്തിൽ. ദൈവത്തിന് സമർപ്പിച്ചത് അത് സ്ഥലമോ, വിളവോ എന്തുമാകട്ടെ നിശ്ചിതതുക ദൈവാലയത്തിനുനൽകി തിരിച്ചെടുക്കുകയുമാവാം. അപ്പോൾ മാതാപിതാക്കന്മാർക്കു അതിൽനിന്നു നൽകേണ്ടതില്ല. ഇതാണ് വിമർശനവിഷയമായ പാരമ്പര്യാനുഷ്ഠാനം. കാപട്യം, കപടഭക്തി എന്നൊക്കെ വിശേഷിപ്പിക്കുന്ന ഇത്തരം പാരമ്പര്യങ്ങളല്ല "നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത" എന്നിവയാണ് ദൈവം ആഗ്രഹിക്കുന്നത്, നിരർത്ഥകമായ പാരമ്പര്യവാദങ്ങൾ നമ്മെ വഴിതെറ്റിക്കാതിരിക്കട്ടെ.

**ഡോ. മൈക്കിൾ കാരിമറ്റം**

# പ്രസംഗം

## ആന്തരികതയിൽ
## ആലേഖിതമാക്കേണ്ട ആത്മീയത

പരിശുദ്ധ അമ്മയുടെ സ്വർഗാരോപണത്തിരുന്നാളിനായി പ്രാർത്ഥനാപൂർവ്വം ഒരുങ്ങുന്ന പതിനഞ്ചുനോമ്പിന്റെ ആരംഭ ദിനമായ ഇന്ന് തിരുസ്സഭ നമുക്ക് ധ്യാനവിഷയമായി നൽകിയിരിക്കുന്നത് വിശുദ്ധ മർക്കോസിന്റെ സുവിശേഷം 7:1-13 തിരുവചനങ്ങളാണ്. ദൈവവചനത്തെ നിരർത്ഥകമാക്കാൻ കൗശലത്തോടും കാപട്യത്തോടും പെരുമാറുന്ന ഫരിസേയരുടെയും നിയമജ്ഞരുടെയും രീതികളെ നിശിതമായി വിമർശിച്ച് ഈശോ ഹൃദയപരാമർത്ഥതയോടെ സ്നേഹിക്കാനായി ആവശ്യപ്പെടുകയാണ്.

ദൈവം ഹൃദയവിചാരങ്ങളെ മാനിക്കുന്നവനാണ്. നിയമം നിഷേധിച്ച്, ഇസ്രായേൽജനം ബാബിലോൺ പ്രവാസത്തിലേക്ക് പോകുന്നതിനുമുൻപായി ജറെമിയാ പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്യുന്നു: "ഞാൻ എന്റെ നിയമം അവരുടെ ഉള്ളിൽ നിക്ഷേപിക്കും; അവരുടെ ഹൃദയത്തിൽ എഴുതും" (ജറെ 31:33). ഇന്നത്തെ സുവിശേഷഭാഗത്ത് ഈശോ ഉദ്ധരിക്കുന്നത് ഏശയ്യാ പ്രവാചകന്റെ ഗ്രന്ഥത്തിൽനിന്നാണ്: "ഈ ജനം അധരങ്ങൾക്കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ, അവരുടെ ഹൃദയം എന്നിൽ നിന്ന് വളരെ ദൂരെയാണ്" (29:13). ബാഹ്യാചാരങ്ങളെക്കാളും പാരമ്പര്യങ്ങളുടെ പിന്തുടർച്ചകളെ

ക്കാളും ദൈവം ഹൃദയവിചാരങ്ങളെ വിലമതിക്കുന്നുവെന്നത് പ്രാധാന്യമർഹിക്കുന്നതാണ്. ആദ്യരാജാവിനെ സാവൂളിലൂടെ നിയമിച്ചാക്കുമ്പോൾ അവന് ഒരു പുതിയ ഹൃദയം നൽകുക യാണ് ദൈവം (1 സാമു 10:9). ഫരിസേയന്റെയും ചുങ്കക്കാര ന്റെയും ഉപമയിലും ഈശോമിശിഹാ പഠിപ്പിക്കുക ഹൃദയം നൊന്തു ആത്മാർത്ഥമായി പ്രാർത്ഥിച്ച ചുങ്കക്കാരനെ മാതൃക യാക്കാനാണ്.

ദാവീദിന്റെ തിരഞ്ഞെടുപ്പിലും നാം ഇതു കണ്ടതാണ്. ഏലി യാബിന്റെ ആകാരവടിവിലും തലയെടുപ്പിലും ആകൃഷ്ടനായ സാമുവേലിനെ ദൈവം തിരുത്തിക്കൊണ്ട് പറയുന്നു: "മനു ഷ്യൻ കാണുന്നതല്ല കർത്താവ് കാണുന്നത്. മനുഷ്യൻ ബാഹ്യ രൂപത്തിൽ ശ്രദ്ധിക്കുന്നു; കർത്താവാകട്ടെ, ഹൃദയഭാവത്തിലും" (1സാമു 16:7). കൊറോണ ബാധിതനായ ഭർത്താവിനെ വീട്ടിൽ കയറ്റാതെ പുറത്തുനിർത്തിയ ഭാര്യമാരുടെയും; അപ്പന് ഒരു തുള്ളി വെള്ളം കൊടുക്കാൻ തുനിയുന്ന മകളെ തടയുന്ന അമ്മ മാരുടെയും ഈ കാലം ഹൃദയപരിവർത്തനം ആവശ്യമായ കാലമാണ്.

"അവർക്കു ഞാൻ ഒരു പുതിയ ഹൃദയം നൽകും; ഒരു പുതിയ ചൈതന്യം അവരിൽ ഞാൻ നിക്ഷേപിക്കും. അവ രുടെ ശരീരത്തിൽനിന്ന് ശിലാഹൃദയം എടുത്തുമാറ്റി ഒരു മാംസ ളഹൃദയം ഞാൻ കൊടുക്കും" (എസെ 11:19). കരുണയും ക്ഷ മയും വാത്സല്യവും സ്നേഹവും വറ്റിവരണ്ട് കപടതകൾ ഭരണം നടത്തുന്ന ഹൃദയത്തെ നിർമലമാക്കാൻ സമയമായി; തേച്ചുമി നുക്കി, വടിവൊത്ത വസ്ത്രം ധരിച്ചവരെമാത്രം മാന്യന്മാരാ യി പരിഗണിക്കുന്ന പാരമ്പര്യവ്യവസ്ഥിതികൾക്കും സംസ്കാ രങ്ങൾക്കും കടചീട്ടെഴുതാൻ കാലമായി. ഞാൻ സുരക്ഷിതനാ കുമ്പോഴല്ല; എല്ലാവരും സുരക്ഷിതരാകുമ്പോഴാണ് ആനന്ദി ക്കാൻ കഴിയേണ്ടത്.

ഇന്നത്തെ തിരുവചനം നിലവിലിരുന്ന പാരമ്പര്യ വ്യവസ്ഥിതികൾക്ക് ഹൃദയസ്പർശം നൽകുകയാണ്. കൊർബ്ബാൻ– പലവിധത്തിൽ ഇവിടെയും അവതരിപ്പിക്കുന്നുണ്ട്; മാതാപിതാക്കന്മാർക്ക് മാളിക പണിത് കാര്യങ്ങൾ നിയന്ത്രിക്കുന്ന മക്കളിലും; സ്നേഹഭാവങ്ങൾ നൽകാൻ പകരക്കാരെ നിയമിച്ചാക്കുന്നവരിലും ഇതിന്റെ പരിണാമങ്ങൾ കാണാൻ കഴിയും. കോപ്പകളും ഓട്ടുപാത്രങ്ങളും തുടച്ചുമിനുക്കുന്നവർ മറന്നുപോകുന്നതും കാപട്യത്തിനെതിരെ പടവാളെടുത്ത ക്രിസ്തുവിന്റെ തിരുവചനങ്ങളാണ്.

ആന്തരിക വിശുദ്ധീകരണമാണ് വിശുദ്ധിയുടെ ആരംഭമെന്നും ആത്മീയതയുടെ അടിത്തറയെന്നും തിരിച്ചറിയുന്നവർക്കെ ക്രിസ്തുവിനെ സ്നേഹിക്കാൻ കഴിയൂ; ഇല്ലെങ്കിൽ അവർ വീണ്ടും കുഴിമാടങ്ങളിൽ വെള്ളപൂശുന്നവരും കോപ്പകൾക്ക് ക്ഷാളനം നൽകുന്നവരുമായി തുടരും. പ്രവാചകരിലൂടെ ദൈവം വിഭാവനം ചെയ്ത ആന്തരികതയിൽ ആലേഖനം ചെയ്ത ആത്മീയജീവിതത്തിന്റെ പ്രവാചകരായി നമുക്കും മാറാം.

**ഫാ. റോബിൻ കാരിക്കാട്ട് MCBS**

വചനബോധി
സീറോമലബാർ

# ആഗസ്റ്റ് 08
# കൈത്താ 5-ാം ഞായർ

## ഭാഷ്യം

ഏശ 28:14-22 | ലൂക്കാ 16:19-31

### ഏശ 28:14-22
### സന്ദർഭം

കർത്താവിന്റെ കൽപനകൾ പാലിക്കാതെ, രാഷ്ട്രീയ ഉടമ്പടികളിൽ സുരക്ഷിതത്വം തേടുന്നതിന്റെ വ്യർത്ഥ ചിത്രം എടുത്തുകാട്ടുന്ന ഒരു പ്രവചനഭാഗമാണിത്. ഏശ 28:1-6-ൽ വടക്കൻരാജ്യമായ ഇസ്രായേലിൽ സംഭവിച്ച വലിയ ദുരന്തത്തെ, അസീറിയായുടെ ആക്രമണംവഴിയുണ്ടായ നാശത്തെ, ഒരാമുഖമായി അവതരിപ്പിക്കുന്നു. ഇത് യൂദായ്ക്ക് ഒരു പാഠമായിരിക്കണം. എന്നാൽ യൂദാ പാഠം പഠിച്ചില്ല. 28:7-13-ൽ വഴിപിഴച്ചവരും പിഴപ്പിക്കുന്നവരുമായ പുരോഹിതന്മാരുടെയും പ്രവാചകന്മാരുടെയും ബീഭത്സമായ ചിത്രം വരച്ചുകാട്ടുന്നു. മദ്യത്തിൽ മുങ്ങുന്ന അവർക്ക് ഏശയ്യായിലൂടെ ദൈവം പറയുന്ന വാക്കുകൾ കൊച്ചുകുട്ടികളുടെ കളിതമാശുപോലെയേ തോന്നുന്നുള്ളൂ.

28:14-22-ൽ രാഷ്ട്രീയധികാരികളുടെ മൗഢ്യവും വ്യർത്ഥമായ സുരക്ഷിതത്വബോധവും അപഹാസ്യം എന്നു തുറന്നുകാട്ടണം. ആസന്നമായിരിക്കുന്ന അസീറിയായുടെ ആക്രമണത്തെ ചെറുക്കാൻ ഈജിപ്തുമായി സഖ്യം ചെയ്യുന്നതിനെ ഇവിടെ മരണവുമായുള്ള ഉടമ്പടിയായി ചിത്രീകരിക്കുന്നു. അസീറിയക്കെതിരെ സംരക്ഷണം നൽകും, അങ്ങനെ അത് ജീവന്റെ ഉടമ്പടിയാകും എന്നു കരുതുന്നവർക്കു തെറ്റി. ജീവനല്ല; മരണമായിരിക്കും അതു വരുത്തിവയ്ക്കുക. ഈജിപ്തുകാർ ആരാധിച്ചിരുന്ന ഒരു ദേവനായിരുന്നു മരണത്തിന്റെ ദേവനായി കരു

തപ്പെട്ടിരുന്ന 'മോത്ത്.' അതിനാൽ ഈജിപ്തുമായുള്ള ഉടമ്പടി മരണവുമായി ചെയ്യുന്ന ഉടമ്പടിയാണെന്ന് പ്രവാചകൻ താക്കീതുനൽകുന്നു.

## സാരം

കർത്താവാണ് രക്ഷകൻ. ഈജിപ്തിൽനിന്ന് മോചിപ്പിച്ച്, കാനാൻദേശം സ്വന്തമായി നൽകി, ഒരു ജനമായി ഇസ്രായേലിനെ വളർത്തിയത് കർത്താവാണ്. അവിടുത്തെ കല്പനകൾ അനുസരിക്കുന്നിടത്തോളംകാലംമാത്രമേ അവർക്കു സംരക്ഷണം ലഭിക്കുകയുള്ളൂ. അനുസരണക്കേട് സർവ്വനാശം വിളിച്ചുവരുത്തും. ഇപ്പോൾ ആസന്നമായിരിക്കുന്നത് അസീറിയായുടെ ആക്രമണമാണ്. അതിനെ നേരിടാൻ ഈജിപ്തുമായുള്ള സഖ്യവും ഉടമ്പടിയും സഹായിക്കുകയില്ല. യഥാർത്ഥമായ മാനസാന്തരം, അതാണാവശ്യം. കർത്താവിലേക്കു തിരിയണം. എന്നാൽ നേതാക്കന്മാരും അവരെ അനുഗമിച്ച ജനവും പ്രവാചകവചനത്തിനു കാതടച്ചു. 701-ൽ സെന്നാക്കെരിബിന്റെ നേതൃത്വത്തിൽ അസീറിയൻ സൈന്യം യൂദായെ ആക്രമിച്ചു; ജറുസലെമിൽ ഉപരോധം ഏർപ്പെടുത്തി. താൻ പറയുന്നതു ദൈവവചനമാണെന്ന പ്രവാചകന്റെ ഉറപ്പാണ് അവസാനത്തെ വാക്യം. "സൈന്യങ്ങളുടെ കർത്താവിന്റെ വിധി ഞാൻ കേട്ടു" (28:22).

## സന്ദേശം

കർത്താവിൽ ആശ്രയിക്കുക എന്നാൽ നീതി പ്രവർത്തിക്കുക എന്നുതന്നെയാണർത്ഥം. എല്ലാ പ്രവാചകന്മാരും എടുത്തുകാട്ടുന്നതാണിത്. യേശുനാഥനും ഇതുതന്നെ പഠിപ്പിച്ചു (മത്താ 23:23). "നീതിയെ അളവുചരടും ധർമനിഷ്ഠയെ തൂക്കുകട്ടയും ആക്കും" (ഏശ 28:17) എന്ന കർത്താവിന്റെ വചനം ജീവിതത്തിന്റെ മാനദണ്ഡം എന്തായിരിക്കണം എന്നുപഠിപ്പിക്കുന്നു. കെട്ടിടം അഥവാ മതിൽ പണിയാൻ ഉപയോഗിക്കുന്നതാണല്ലോ അളവുചരടും തൂക്കുകട്ടയും. നമ്മുടെ ജീവിതമാകുന്ന മതിലിന്റെമേൽ നീതിയും ധർമനിഷ്ഠയുമാകുന്ന തൂക്കുകട്ട കർത്താവു പിടിച്ചുനോക്കിയാൽ എന്തായിരിക്കും അവ

സ്ഥ? മതിൽ ചരിഞ്ഞതെങ്കിൽ പൊളിച്ചുപണിയണം. നീളം കുറഞ്ഞ കിടക്കയും വീതികുറഞ്ഞ പുതപ്പും (ഏശ 28:20) രാഷ്ട്രീയ ഉടമ്പടികളുടെ വ്യർത്ഥത സൂചിപ്പിക്കുന്നു. ബാൽ പെരാസിം (2 സാമു 5:20) ഗിബെയോൻ (ജോഷ്വാ 10:6–15) എന്നീ രണ്ടു സ്ഥലപ്പേരുകൾ ദൈവം യുദ്ധത്തിൽ നൽകിയ വിജയത്തെ സൂചിപ്പിക്കുന്നു. കർത്താവിൽ ആശ്രയിക്കുക, എല്ലാവരോടും പ്രത്യേകിച്ച് പാവപ്പെട്ടവരോട് നീതിപ്രവർത്തിക്കുക. അതാണ് കർത്താവിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്ന മാർഗം.

**ഡോ. മൈക്കിൾ കാരിമറ്റം**

---

## ലൂക്കാ 16:19–31

## സന്ദർഭം

ധനവാനും ലാസറും എന്ന പേരിൽ അറിയപ്പെടുന്ന ഉപമയാണ് ഇന്നത്തെ ധ്യാനവിഷയം. ലൂക്കായുടെ സുവിശേഷം 9:51–19:46 'യാത്രാവിവരണം' എന്നു വിശേഷിപ്പിക്കാറുണ്ട്. ജറുസലെം ലക്ഷ്യംവച്ചുയാത്രചെയ്യുന്ന യേശു, യാത്രാമധ്യേ ശിഷ്യന്മാർക്ക് ശിഷ്യത്വത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് നൽകുന്ന പ്രബോധനങ്ങളാണ് ഈ ഭാഗത്ത് മുഖ്യമായും വിവരിക്കുന്നത്. ശിഷ്യത്വത്തിൽ സമ്പത്തിനോടുള്ള സമീപനത്തിന് സുപ്രധാനമായൊരു പങ്കുണ്ട്. 16–ാം അധ്യായം ഏതാണ്ടു മുഴുവനായിത്തന്നെ സമ്പത്തിന്റെ ഉപയോഗത്തെക്കുറിച്ച് പഠിപ്പിക്കുന്നു. 12–ാം അധ്യായത്തിലും ഈ പ്രബോധനത്തിനു മുഖ്യസ്ഥാനം നൽകിയിരിക്കുന്നു. 12:16–21–ൽ പറയുന്ന ഭോഷനായ ധനികന്റെ ഉപമ ധനത്തിന്റെ വലിയൊരപകടം, ദൈവത്തെ മറക്കാനുള്ള സാധ്യത എല്ലാം എടുത്തുകാട്ടുമ്പോൾ ഇവിടെ അയൽക്കാരനെയും ദൈവത്തെയും മറക്കാൻ പ്രേരകമാകുന്ന വലിയൊരു ശക്തിയായി ഭൗതികസമ്പത്ത്, യേശുവിന്റെ പ്രബോധനത്തിൽ പ്രത്യക്ഷപ്പെടുന്നു.

## സാരം

ഇവിടെ പറയുന്നത് ഒരു ഉപമയാണെന്ന കാര്യം ശ്രദ്ധയിൽവേണം. ഒരു ചരിത്രസംഭവത്തിന്റെ യഥാർത്ഥ വിവരണമല്ലിത്, സുപ്രധാനമായൊരു സത്യം ആഴത്തിൽ ബോധ്യപ്പെടുത്താൻ പറയുന്നൊരു കഥയാണ് ഉപമ. ഉപമയിൽ കേന്ദ്രവത്തായ ഒരാശയമേ കാണൂ. വിശദാംശങ്ങൾ കഥ ആകർഷകമാക്കാൻ സഹായിക്കുന്നതാണ്. അതിനാൽ ഓരോന്നിനും പ്രത്യേക അർത്ഥവും ധ്വനിയും തേടിപോകേണ്ടതില്ല. പാതാളത്തിന്റെയും അബ്രാഹത്തിന്റെ മടിയുടെയും ഭൂമിശാസ്ത്രപരമായ വിവരണങ്ങൾ ഈ കഥയിൽ തേടേണ്ടതില്ല. അതിനാൽത്തന്നെ എവിടെയാണ് ഈ രണ്ടിടങ്ങൾ, രണ്ടും തമ്മിൽ കാണാവുന്നത്ര ദൂരമേയുള്ളോ എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പ്രസക്തമല്ല. കഥയിലൂടെ പറയുന്ന ഒരേ ഒരു കാര്യം ഇതാണ്: ഇന്നു കരയുന്നവന്റെ കണ്ണീരൊപ്പാൻ നീ തയ്യാറാകുന്നില്ലെങ്കിൽ നാളെ നീ കരയുമ്പോൾ ആരും നിന്റെ കണ്ണീരൊപ്പാൻ ഉണ്ടാകില്ല. ആവശ്യമനുഭവിക്കുന്നവനുമായി ഇന്നു നീ സ്വത്തു പങ്കുവയ്ക്കുന്നില്ലെങ്കിൽ നാളെ നിന്നെ കാത്തിരിക്കുന്നത് നിത്യനരകമായിരിക്കും. ശിഷ്യത്വത്തിന്റെ സുപ്രധാനമായൊരു സവിശേഷതയാണ് ദരിദ്രരോടുള്ള പ്രത്യേകസ്നേഹവും പരിഗണനയും.

ഈ കഥയിലെ ചില പ്രത്യേകതകൾ ശ്രദ്ധിക്കണം: 1. ഈ ഉപമയിൽ മാത്രമേ പേരുള്ള ഒരാൾ പ്രത്യക്ഷപ്പെടുന്നുള്ളൂ ലാസർ–'ദൈവം എന്റെ സഹായം' എന്നാണ് പേരിനർത്ഥം. ദൈവത്തിൽമാത്രം ആശ്രയിക്കാൻ കഴിയുന്നവൻ. 2. ധനികൻ എന്തെങ്കിലും തെറ്റു ചെയ്തതായി കഥയിൽ പറയുന്നില്ല. നല്ല വസ്ത്രം ധരിക്കുന്നതും വിരുന്നാസ്വദിക്കുന്നതും അതിൽത്തന്നെ പാപമാണെന്നു കരുതാനാവില്ല. 3.മരണാനന്തരം ജീവിതാവസ്ഥകൾക്കു വ്യത്യാസമുണ്ടാകും, കണക്കുകൊടുക്കേണ്ടിവരും. 4.ധനികൻ ലാസറിനെ കണ്ടിരുന്നു, അവന്റെ പേരും അറിയാം. 5. ധനികന്റെ പാപം ഏതെങ്കിലും കല്പനയുടെ ക്രിയാത്മകമായ ലംഘനമല്ല, മറിച്ച് ഉപേക്ഷയാണ്. ഉത്തരവാദിത്വത്തിൽ അയാൾ വീഴ്ചവരുത്തുന്നു. 6. വാതിൽക്കൽ ഒരാൾ പട്ടിണികിടന്നു മരിച്ചതാണ് ധനവാന്റെ ധൂർത്ത് പാപമാക്കിയത്.

## സന്ദേശം

അന്ത്യവിധിയെക്കുറിച്ച് മത്തായി 25:31-46- ൽ പറയുന്നതിന്റെ ഒരു ദൃശ്യാവിഷ്ക്കാരമാണ് ഈ ഉപമ. പണ്ടെങ്ങോ സംഭവിച്ചതല്ലിത്; ഇന്ന്, ആഗോളതലത്തിൽ, എല്ലായിടത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തം. കോടിക്കണക്കിന് മനുഷ്യർ പട്ടിണിമരണത്തെ നേരിടുമ്പോഴും ഉള്ളവന്റെ ധൂർത്ത് കുറയുന്നില്ല; വർധിക്കുന്നതേയുള്ളൂ. മത-രാഷ്ട്രീയ-സാമൂഹിക തലങ്ങളിലെല്ലാം ഈ ഉപമയ്ക്കു പ്രസക്തിയുണ്ട്. കരുണയാണ് മതാത്മകതയുടെ കാതൽ. ആവശ്യം അനുഭവിക്കുന്നവരോട് കരുണ കാട്ടിയില്ലെങ്കിൽ നിത്യനാശമായിരിക്കും എന്നെ കാത്തിരിക്കുന്നത് എന്ന താക്കീത് എല്ലാവർക്കും പ്രസക്തമാണ്. കരുണ കഴിവിനൊത്തുള്ള സഹായത്തിലൂടെ പ്രകടമാക്കണം. അതു സമ്പത്താകാം, സമയമാകാം, കഴിവുകളാകാം. ദയ, അനുകമ്പ, സഹതാപം എന്നെല്ലാം വിശേഷിപ്പിക്കുന്ന കരുണയാണ് ശിഷ്യത്വത്തിന്റെ കാതൽ. അതാണ് ദൈവത്തിന്റെ പൂർണതയിലുള്ള പങ്കുചേരൽ. "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36). കാരുണ്യം കാണിക്കാത്തവന്റെമേൽ കാരുണ്യരഹിതമായ വിധിയുണ്ടാകും" (യാക്കോ 2:13).

**ഡോ. മൈക്കിൾ കാരിമറ്റം**

# പ്രസംഗം

## സുവിശേഷത്തിലെ
## ഒരു വൈരുധ്യകഥ

ധനവാന്റെയും ലാസറിന്റെയും കഥ നിറയെ വിരുദ്ധദ്വന്ദ്വങ്ങളാണ്;

ധനവാൻ - ദരിദ്രൻ.

സുഭിക്ഷം- ദാരിദ്ര്യം.

സുഖശരീരം- വ്രണിത ശരീരം.

വിരുന്നാഘോഷങ്ങൾ- നായ നക്കിയ ജീവിതം.

സ്വർഗം -നരകം.

അബ്രാഹത്തിന്റെ മടി- അഗ്നികുണ്ഠം.

മരിച്ച് അടക്കപ്പെടുന്നു - ദൈവദൂതന്മാർ സംവഹിക്കുന്നു.

ഭൂമിയിൽ ആനന്ദം - മരണശേഷം ദുരിതം.

ഭൂമിയിൽ ദുരിതം- മരണശേഷം ആനന്ദം.

വിപരീതദ്വന്ദ്വങ്ങളുടെ കഥ പറഞ്ഞ കർത്താവ് നമുക്ക് നൽകുന്ന പാഠം വ്യക്തമാണ്. സ്വർഗം ലക്ഷ്യമാക്കിയാണ് നമ്മൾ ജീവിക്കുന്നതെങ്കിൽ അതിന്റെ ശൈലി നമ്മൾ പ്രകടമാക്കണം.

ധനവാനും ദരിദ്രനും പണമുള്ളവനും പണമില്ലാത്തവനുമാണെന്ന ധാരണയാണ് നമുക്കുള്ളത്. സുവിശേഷക്കഥയിലെ

ധനവാൻ കള്ളനോ പിടിച്ചുപറിക്കാരനോ അല്ല; അവൻ ആരെയും ഉപദ്രവിച്ചതിന്റെ വിവരണവുമില്ല; പ്രത്യക്ഷത്തിൽ, അയാളൊരു നിരുപദ്രവകാരിയാണ്. പക്ഷേ, അയാൾ ദൈവത്തെ വേദനിപ്പിച്ചു. മനുഷ്യരെ അവഗണിക്കുന്നവരൊക്കെ ദൈവത്തെ വേദനിപ്പിക്കുന്നവരാണ്. ദൈവം വേദനിക്കുന്നതെപ്പോഴാണെന്ന് അറിയാമോ? കാൽവരിയിലെ വേദനയും ഗത്സെമനിലെ വേദനയും ചമ്മട്ടിയടിയിലെ വേദനയും എല്ലാം തീവ്രമാണെങ്കിലും അതിനെക്കാളും തീവ്രതരമായ വേദന മനുഷ്യന്റെ അവഗണനയിലാണ്. അക്കാര്യം കർത്താവ് പറയുന്നത് അന്ത്യവിധിയെക്കുറിച്ചുള്ള വിവരണത്തിലാണ്. എനിക്ക് വിശന്നപ്പോൾ നിങ്ങൾ ഭക്ഷണം തരാത്തതുകൊണ്ട്, ദാഹിച്ചപ്പോൾ കുടിവെള്ളം തരാത്തതുകൊണ്ട്, നഗ്നതമാറ്റാൻ വസ്ത്രം തരാത്തതുകൊണ്ട് ... (മത്താ 25:35-43). തീർത്തും അവഗണിക്കപ്പെട്ടതിന്റെ കണക്കാണ് ഇത്. അവഗണിച്ചവർക്കുള്ള അനിവാര്യമായ വിധിയാണ് നരകം. ഗൗരവമുള്ള ആത്മശോധനയ്ക്ക് ഈ ഉപമ നമ്മെ സഹായിക്കട്ടെ.

അവഗണിക്കുക എന്നാൽ കണ്ടഭാവം നടിക്കാതെ ജീവിക്കുക എന്നാണ്. ധനവാൻ ലാസറിനെ കണ്ടഭാവം നടിച്ചില്ല; മുറിവേറ്റ് വഴിയിൽ കിടന്നവനെ പുരോഹിതനും ലേവായനും കണ്ടഭാവം നടിച്ചില്ല. ഇതുപോലെ അയൽപക്കത്തെ ദാരിദ്ര്യം കണ്ടഭാവം നടിക്കാത്ത ആളുകളല്ലേ നമ്മൾ. പലപ്പോഴും വിശക്കുന്നവരെ, രോഗികളെ, പഠനം മുടങ്ങിയവരെ, തൊഴിലില്ലാത്തവരെ... കണ്ടഭാവം നടിക്കാതെ സ്വന്തം കാര്യം നോക്കി സുഖമായി ജീവിക്കുന്നവരൊക്കെ ധനികന് തുല്ല്യരാണ്. സ്വന്തം വീട്ടിൽ ആരെങ്കിലും ഭക്ഷണം കഴിക്കാതെയും മരുന്നിന് നിവൃത്തിയില്ലാതെയും നല്ല വസ്ത്രമില്ലാതെയും കഴിഞ്ഞിട്ടും അവരെ അവഗണിക്കുന്നവരുണ്ടെങ്കിൽ സമൂഹം അക്കൂട്ടരെ പഴിപറയും; ദുഷ്ടരെന്ന് വിളിക്കും; കഠിന മനസ്സുള്ളവരാണെന്നു മുദ്രകുത്തും. എന്നാൽ, അയൽപക്കത്തോ മറ്റിടങ്ങളിലോ വേദനിച്ചുകഴിയുന്നവരെ സഹായിക്കാത്തവരെക്കുറിച്ചോ? അവർ യഥാർത്ഥത്തിൽ നരകത്തിലേക്ക് ടിക്കറ്റെടുത്തിരിക്കുന്ന ധനികരാണ്.

മരണാനന്തരജീവിതത്തെക്കുറിച്ചും സ്വർഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചും അറിവുള്ളവനായിരുന്നു ധനികൻ. മോശയും പ്രവാചകന്മാരും ദൈവവചനവും മനുഷ്യരെ ധാർമികതയും സ്വർഗ-നരക ചിന്തയുമുള്ളവരാക്കുമെന്ന് അയാൾക്കറിയാമായിരുന്നു. അതുകൊണ്ടാണ് തന്റെ തറവാട്ടിലേക്ക് സ്വർഗത്തിൽനിന്ന് ലാസറിനെ സന്ദേശവാഹകനായി അയയ്ക്കാൻ അയാൾ പറയുന്നത്. അറിഞ്ഞുകൊണ്ട് നമ്മൾ നന്മ ചെയ്യാത്തതിനും സഹോദരങ്ങളെ അവഗണിക്കുന്നതും സ്വാർത്ഥരായി ജീവിക്കുന്നതും സുഖഭോഗങ്ങളിൽ മുഴുകിക്കഴിയുന്നതുമൊക്കെ അജ്ഞതകൊണ്ട് നമ്മൾ ചെയ്യുന്ന ചില പാപങ്ങളെക്കാൾ കൂടുതൽ ഗുരുതരമാകുന്നു. വരാനിരിക്കുന്ന സ്വർഗത്തെക്കാൾ ഇപ്പോൾ തൊട്ടുമുമ്പിലുള്ള ഭൗമികജീവിതത്തിന്റെ ഇഷ്ടങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനാലാണ് നമ്മൾ കഥയിലെ ധനികനെപ്പോലെയാവുന്നത്.

മരണശേഷം നടത്തുന്ന പ്രാർത്ഥനകൾ വഴി നേടിയെടുക്കേണ്ട ഒന്നാണ് സ്വർഗരാജ്യം എന്ന അബദ്ധധാരണ നമുക്ക് തിരുത്താം. ജീവിതകാലത്തുതന്നെ നേടിയെടുക്കേണ്ടതാണ്, ഉറപ്പാക്കേണ്ടതാണ് സ്വർഗം. സഹോദരങ്ങളുടെ ഭൂമിയിലെ ജീവിതം നരകതുല്യമാക്കിയവന് മരണശേഷം സ്വർഗംകിട്ടുമെന്നു കരുതുന്നത് അങ്ങേയറ്റം മൗഢ്യമാണ്.

**ഡോ. ഫിലിപ്പ് കാരക്കാട്ട്**

# ആഗസ്റ്റ് 15
# കൈത്താ 6-ാം ഞായർ

## സ്വർഗാരോപണത്തിരുനാൾ

## ഭാഷ്യം

ഏശ 29:19-24 | ലൂക്കാ 17:11-19

### ഏശ 29:19-24
### സന്ദർഭം

ഏശയ്യാ 28,29 അധ്യായങ്ങളുടെ ചരിത്രപശ്ചാത്തലം യൂദാ രാജ്യം സെന്നാക്കരീബിന്റെ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ (701 ബി.സി) ഈജിപ്തുമായി സഖ്യത്തിൽ ഏർപ്പെട്ടു. സെന്നാക്കരീബിന്റെ ആക്രമണവും അതിനെ പ്രതിരോധിക്കാൻ യൂദായും സഖ്യരാഷ്ട്രങ്ങളും നടത്തിയ പരിശ്രമത്തിന്റെയും പശ്ചാത്തലത്തിൽ വേണം ഏശയ്യായുടെ വാക്കുകളെ മനസ്സിലാക്കാൻ.

### സാരം

ദൈവത്തിന്റെ പ്രത്യേക സംരക്ഷണത്തിന് കീഴിലാണ് ദൈവജനമെന്ന ചിന്തയാണ് ഏശയ്യായുടെ വാക്കുകളുടെ സാരാംശം. ചരിത്രത്തിലൂടെ വെളിപ്പെടുത്തപ്പെടുന്ന ദൈവത്തിന്റെ പദ്ധതിയും ദൈവം ജനത്തിന് നൽകുന്ന സംരക്ഷണവും ദൈവത്തിന്റെ പരിപാലനയുമാണ് പ്രധാന പ്രതിപാദ്യവിഷയങ്ങൾ.

## സന്ദേശം

ദുർഗ്രഹമായ കർത്താവിന്റെ വഴികൾ ഗ്രഹിച്ച് അതിലൂടെ മുന്നേറാൻ ജനത്തെ ആഹ്വാനം ചെയ്യുകയാണ് പ്രവാചകൻ. മനുഷ്യബുദ്ധിയുടെ പരിമിതിയും അത് ദൈവപദ്ധതികൾക്കെതിരെയാകുമ്പോഴുണ്ടാകുന്ന അവസ്ഥകളുമാണ് പ്രവാചക പ്രവചനങ്ങളിൽ മുഴങ്ങിനിൽക്കുന്നത്. മനുഷ്യന്റെ വാക്കുകളും പ്രവർത്തികളുമൊന്നും ദൈവത്തിൽനിന്ന് മറഞ്ഞിരിക്കുന്നില്ല. കഷ്ടതകളിൽ കഴിഞ്ഞിരുന്ന ജനത്തിന്റെ അവസ്ഥകളിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ചും പ്രവാചകൻ എടുത്തുപറയുന്നുണ്ട്. കഷ്ടതകളിലൂടെ കടന്നുപോയ ജനം ഇസ്രായേലിന്റെ പരിശുദ്ധനിൽ സന്തോഷിക്കുന്ന ഒരു ജനതയായിമാറും. അവരുടെ അവസ്ഥകളിലുണ്ടാകുന്ന ഈ മാറ്റം ദൈവത്തിന്റെ സ്നേഹത്തിന്റെയും കരുണയുടെയും അടയാളമാണ്. മാത്രമല്ല ദൈവത്തിനെ എതിർക്കുന്നവരുടെ അവസ്ഥകളിലും മാറ്റമുണ്ടാകും. അവർ ഭൂമുഖത്തുനിന്നുതന്നെ ഇല്ലാതാകും. അങ്ങനെ ദൈവത്തിന്റെ ജനം ലജ്ജിതരാകാതെ ദൈവം അവരുടെ ജീവിതത്തിൽ ഇടപെടും. അതിനാൽ കഷ്ടതകളുടെ നാളുകളിലും വിഷമതകളുടെ കടന്നുവരവിലും പ്രതീക്ഷ നഷ്ടപ്പെടാതെ കർത്താവിൽ പ്രത്യാശയർപ്പിക്കാനുള്ള ആഹ്വാനമാണ് പ്രവാചകൻ നൽകുന്നത്.

**ഡോ. മാത്യു ഓലിക്കൽ MCBS**

## ലൂക്കാ 17:11-19

## സന്ദർഭം

യേശുവിന്റെ ജറുസലെം യാത്ര പാഠങ്ങളും പഠനങ്ങളും നൽകിക്കൊണ്ട് തുടരുകയാണ്. ശിഷ്യന്മാരുടെ ആത്മീയഭാവ ങ്ങളെക്കുറിച്ച് പഠനങ്ങൾ നൽകുകയാണ് പതിനേഴാം അധ്യാ യത്തിന്റെ ആരംഭത്തിൽ. ഇടർച്ചകൾ നൽകരുത് (17:1-2) തെറ്റു ചെയ്യുന്നവരോട് അറുതിയില്ലാതെ ക്ഷമിക്കുക, നന്ദി പ്രതീ ക്ഷിക്കാതെ അവനവന്റെ കർത്തവ്യങ്ങൾ നിർവഹിക്കുക (17: 7-10) എന്നീ പാഠങ്ങൾക്കുശേഷമാണ് കൃതജ്ഞതയുടെ ഒരു ജീവിതപാഠം ഈ വചനത്തിലൂടെ നൽകുന്നത്. ലൂക്കായിൽ മാത്രം കാണുന്ന രോഗശാന്തി വിവരണമാണിത്.

## സാരം

പത്തുകുഷ്ഠരോഗികൾ യേശുവിനെ കണ്ടുമുട്ടി തങ്ങളിൽ കനിയണമേ എന്നപേക്ഷിക്കുന്നു. യേശു വ്യവസ്ഥകളോ, അന്വേ ഷണങ്ങളോ ഇല്ലാതെ അവരെ സുഖപ്പെടുത്തി അയക്കുന്നു. അതിൽ ഒരാൾ തിരിച്ചുവന്ന് നന്ദി അറിയിക്കുകയും രക്ഷ സ്വാ യത്തമാക്കുന്നതുമാണ് വചനഭാഗത്തെ പ്രമേയം.

## സന്ദേശം

1. ഗലീലിക്കും സമരിയായ്ക്കും ഇടയിലൂടെ യേശു 'കട ന്നുപോവുകയായിരുന്നു.' വിശുദ്ധഗ്രന്ഥത്തിൽ 'കടന്നുപോക ൽ' എന്ന വാക്കിന് ഒരു രക്ഷാകരാനുഭവത്തിന്റെ മാറ്റൊലിയു ണ്ട്. സംഹാരദൂതൻ ഇസ്രായേൽ മക്കളുടെ ഭവനങ്ങളെ കട ന്നുപോയതും ഇസ്രായേൽജനം പെസഹാരാത്രിയിൽ ഈജി പ്തിൽനിന്നും കാനാൻദേശത്തേക്ക് കടന്നുപോയതുമെല്ലാം മനസ്സിലുണരുന്ന ചിന്തയാണ്. യേശുവിന്റെ കടന്നുവരവും കട ന്നുപോകലും രക്ഷയുടെ അനുഭവം സൂചിപ്പിക്കുന്നുണ്ട്. യേശു കടന്നുചെല്ലുന്നിടത്തെല്ലാം രക്ഷ കൈവരുന്നുണ്ട്. സക്കേവൂ സിന്റെ ഭവനത്തിൽ കടന്നുചെന്ന യേശു, അവനും കുടുംബ ത്തിനും രക്ഷയായി ഭവിച്ചതുപോലെ യേശുവിനെ കണ്ടുമുട്ടി യവർക്കും യേശുവിനെ കാണാൻ ശ്രമിച്ചവർക്കുമെല്ലാം അ

വന്റെ രക്ഷ സ്വന്തമാകുന്നു. അതാണ് നന്ദിപറഞ്ഞ് തിരിച്ചുവന്ന സമരിയാക്കാരനായ കുഷ്ഠരോഗിക്ക് ലഭിച്ചത്. യേശുവിനെ നമ്മുടെ പരിസരങ്ങളിലൂടെ കടന്നുപോകാൻ അനുവദിക്കുക.

2. "പോയി പുരോഹിതനു കാണിച്ചുകൊടുക്കുക." 5:14 -ൽ ഒരു കുഷ്ഠരോഗിയെ സുഖപ്പെടുത്തിയപ്പോഴും ഈ നിർദേശമാണ് യേശു നൽകിയത്. ഒരാളുടെ രോഗം പൂർണമായി സുഖപ്പെട്ടു ആരോഗ്യവാനായി, ദൈവാലയത്തിലും സമൂഹത്തിലും പൂർണമായും പരസ്യമായും വ്യാപരിക്കാം എന്ന് സാക്ഷ്യപ്പെടുത്തേണ്ടത് പുരോഹിതനായിരുന്നു (ലേവ്യ 13:3-10). സുഖപ്പെട്ടയാൾ സമർപ്പിക്കേണ്ട കാഴ്ചകളെപ്പറ്റി ലേവ്യ 14:1-32-ൽ പറയുന്നുണ്ട്. സമൂഹത്തിന്റെയും സമുദായത്തിന്റെയും നിയമങ്ങളും ആചാരങ്ങളും മാനിക്കപ്പെടേണ്ടതാണെന്ന് യേശു വ്യക്തമാക്കുന്നു. മനുഷ്യൻ ഒരു സമൂഹജീവിയായതുകൊണ്ടും അവൻ സമൂഹത്തിൽ ഇടപഴകേണ്ടതുകൊണ്ടും സമൂഹം നിർദേശിക്കുന്ന ആചാരാനുഷ്ഠാനങ്ങൾ പാലിക്കാൻ അവൻ കടപ്പെട്ടവനാണ്. അതുകൊണ്ട് യേശു സുഖപ്പെടുത്തിയാലും യഹൂദപുരോഹിതരുടെ സാക്ഷ്യം കുഷ്ഠരോഗികൾക്ക് സമൂഹത്തിൽ സാധാരണജീവിതം നയിക്കാൻ അത്യാവശ്യമാണെന്ന് യേശു ഓർമപ്പെടുത്തുന്നു. ക്രിസ്ത്യാനികൾ, വിശ്വാസികളെങ്കിലും നാം ജീവിക്കുന്ന സമൂഹത്തിന്റെ നിയമാനുഷ്ഠാനങ്ങൾ അനുസരിക്കാൻ ബാധ്യസ്ഥരാണ്.

3. വചനഭാഗത്തെ അവസാനഭാഗം ശ്രദ്ധാർഹമാണ്. സുഖം പ്രാപിച്ച കുഷ്ഠരോഗികളിൽ ഒരാൾ യേശുവിന്റെ പക്കലേക്ക് തിരിച്ചുവന്നു. 'തിരിച്ചുവരവ്'- ധൂർത്തനായ പുത്രനെപ്പോലെ മാനസാന്തരത്തിന്റെ, നന്മയിലേക്കുള്ള മാറ്റത്തിന്റെ അടയാളമാണ്. ദൈവത്തെ മഹത്ത്വപ്പെടുത്തുന്നത് എല്ലാ അനുഗ്രഹങ്ങളുടെയും പിന്നിലുള്ള ദൈവത്തെ അവൻ അറിയുന്നു, ആരാധിക്കുന്നു എന്നതിന്റെ തെളിവാണ്. യേശു പറയുന്ന അവസാന വാചകം "എഴുന്നേറ്റ് പൊയ്ക്കൊള്ളുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു." ഈ പ്രസ്താവംതന്നെയാണ് ഈശോ പാപിനിയായ സ്ത്രീയോടും നടത്തുന്നത് (ലൂക്കാ 7:50). രക്ഷ എന്നത് ദൈവജനത്തിന് - ഇസ്രായേല്യർക്കുമാത്രം എന്നാണ്

തോറ പഠിപ്പിക്കുന്നത്. എന്നാൽ ഈശോ വിജാതിയരെയും രക്ഷിക്കപ്പെടുന്നവരുടെ ഗണത്തിൽപെടുത്തുന്നതിന്റെ തെളിവാണ് 'രക്ഷിച്ചിരിക്കുന്നു' എന്ന പ്രഖ്യാപനം. ദൈവത്തിന്റെ രക്ഷയിൽനിന്നും ആരും ഒഴിവാക്കപ്പെടുന്നില്ല എന്ന് സാരം. ഒമ്പതുപേരുടെ നന്ദിയില്ലായ്മ ദൈവത്തെ മാത്രമല്ല, നമ്മുടെ സ്വന്തക്കാരെയും വേദനിപ്പിക്കും എന്ന് ഓർക്കുക.

4. സമരിയാക്കാരൻ കുഷ്ഠരോഗി മാതൃകാപുരുഷനായി മാറുകയാണ്. ശാരീരികരോഗശാന്തി ലഭിച്ചപ്പോൾ അതിനു കാരണക്കാരനായവനെ തേടിചെല്ലുകയും അവൻ രക്ഷയുടെ അനുഭവത്തിലേക്ക് എത്തപ്പെടുകയും ചെയ്യുന്നു. യേശു അവന് നിത്യരക്ഷയുടെ അച്ചാരം വച്ചുനീട്ടുകയാണ്. വീണ്ടും ആ ചിന്ത ആവർത്തിക്കപ്പെടുന്നു. യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ, സ്ത്രീയെന്നോ, പുരുഷനെന്നോ, പണ്ഡിതനെന്നോ, പാമരനെന്നോ, ആരോഗ്യവാനെന്നോ, രോഗിയെന്നോ വ്യത്യാസം രക്ഷയുടെ കാര്യത്തിൽ ഇല്ല.

സമരിയാക്കാരൻ മാതൃകയാകുന്നത് അവന്റെ തിരിച്ചുവരവിലാണ്. മനുഷ്യനായ യേശുവിന്റെ സ്വഭാവിക പ്രതികരണമാണ് ബാക്കി ഒമ്പതുപേർ എവിടെയെന്ന ചോദ്യം. മനുഷ്യനും ദൈ വവും ഒരുപോലെ ആഗ്രഹിക്കുന്നതും അർഹിക്കുന്നതുമാണ് നന്ദി. കുഷ്ഠം സുഖപ്പെട്ട നാമാൻ എന്ന സിറിയാക്കാരന്റെ നിഴൽ നമുക്കിവിടെ കാണാം (2 രാജ 5:15-18). എലീഷാ പ്രവാചകന്റെ ദൈവമായ യഹോവയെ കർത്താവായി സ്വീകരിച്ചുകൊണ്ടാണ് നാമാൻ എന്നയാൾ നന്ദിപ്രകാശിപ്പിക്കുന്നത്. ഒരു കഴുതച്ചുമടു മണ്ണ് എലീഷായിൽനിന്നു സ്വീകരിച്ച് കർത്താവിന് ആലയം പണിയാൻ തയ്യാറാകുന്ന നാമാന്റെ നന്ദിയുടെ ആഴം നാം മനസ്സിലാക്കുന്നു. ഇവിടെ സമരിയാക്കാരനും യേശുവിനെ രക്ഷകനായി സ്വീകരിക്കുന്ന നന്ദിയാണ് നാം കാണുക. കിട്ടുന്ന നന്മകൾക്ക് നന്ദിയുള്ളവരായാൽ നമ്മുടെ കുടുംബബന്ധങ്ങളും സമൂഹവും എത്രത്തോളം ഊഷ്മളമാകും. നന്ദിയില്ലാത്തവൻ/ നന്ദിയില്ലാത്തവർ എന്ന് ആരും നമ്മെക്കുറിച്ച് പറയാൻ ഇടകൊടുക്കാതിരിക്കാം.

**ഡോ. ജേക്കബ് മുല്ലൂർ**

# പ്രസംഗം

## സ്വർഗപ്രാപ്തിക്കായ്

കൈത്താക്കാലം ആറാം ഞായറാഴ്ച്ചയും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും ഒന്നിച്ചുവന്നിരിക്കുന്ന ഒരു അസുലഭദിനമാണിന്ന്. തിരുസ്സഭയുടെ വളർച്ചയോടൊപ്പം ദൈവമാതൃഭക്തിയും വളർന്നുവന്നു. കാരണം, ഈശോയെ സ്നേഹിക്കുന്ന ഹൃദയത്തിനു മാതാവിനെ സ്നേഹിക്കാതിരിക്കാൻ കഴിയുകയില്ലല്ലോ.

“ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ” (ലൂക്കാ 1:38) എന്ന് പറഞ്ഞുകൊണ്ട് വചനംതന്നെയായ ദൈവത്തെ ഹൃദയത്തിലും ഉദരത്തിലും സ്വീകരിച്ചവളാണ് പരിശുദ്ധ കന്യകാമറിയം. വിശുദ്ധ എലിസബത്തിന്റെ വാക്കുകളിൽ പറയുകയാണെങ്കിൽ, ‘കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ച ‘ഭാഗ്യവതി’യാണ് പരിശുദ്ധ അമ്മ (ലൂക്കാ 1:45). കൈത്താക്കാലം ആറാം ഞായറിലെ സുവിശേഷഭാഗപ്രകാരം “നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു” (ലൂക്കാ 17:19) എന്ന വചനം ജീവിതത്തിൽ അന്വർത്ഥമാക്കിയവളാണ് പരിശുദ്ധ അമ്മ. വിശ്വാസജീവിതത്തിൽ നൂറുശതമാനവും വിജയശ്രീലാളിതയായ വ്യക്തിത്വമാണ് അമ്മയുടേത്. അതുകൊണ്ടാണ് ദൈവം അവൾക്കു സ്വർഗീയമഹത്ത്വം നൽകി സ്വർഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി അവരോധിച്ചത്.

വെളിപാടുഗ്രന്ഥകാരൻ സാക്ഷിക്കുന്നതുപോലെ സൂര്യനാകുന്ന ദൈവത്തെ ഉടയാടയാക്കിയവളാണ് പരിശുദ്ധ അമ്മ

(വെളി 12:1). വിശ്വാസമാകുന്ന വസ്ത്രം ധരിച്ചവൾ, ജീവനാകുന്ന വസ്ത്രത്തെ പൂർണമായും ഉടയാടയാക്കിയവൾ എന്നും സഭ അവളെ വിളിക്കുന്നു. കാരണം, അവൾ ദൈവത്തോടൊപ്പം പൂർണമായും ഒന്നായി ജീവിക്കുന്നു. മരണത്തെ അതിജീവിച്ചു ദൈവമഹത്ത്വത്തിലായിരിക്കുന്നു അമ്മയെപോലെ സ്വർഗപ്രാപ്തിക്കായി പരിശ്രമിക്കാൻ സ്വർഗാരോപണത്തിരുനാൾ നമ്മോടു ആവശ്യപ്പെടുന്നു.

പരിശുദ്ധ അമ്മയെപ്പോലെ ദൈവമഹത്വത്തിലേക്കു വിളിക്കപ്പെട്ടവരാണ് നാമെല്ലാവരും. മാമ്മോദീസായിലൂടെ നാമെല്ലാവരും യേശുക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നു (റോമാ 6:3). 'മഹത്ത്വത്തിലേക്ക് പ്രവേശിക്കുക' എന്നാൽ യേശുക്രിസ്തുവിൽ പുതിയ ജീവിതം നയിക്കുക എന്നതാണ് (റോമാ 6:4). മറ്റൊരുതരത്തിൽ പറഞ്ഞാൽ, യേശുക്രിസ്തുവിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാകുക എന്നതാണ് (റോമാ 6:11). അപ്പോൾ ദൈവം നൽകുന്ന സമ്മാനമാണ് സ്വർഗമഹത്ത്വം. വിശുദ്ധ കുർബാനയിലെ റൂഹാക്ഷണ പ്രാർത്ഥനയിൽ ചൊല്ലുന്നതുപോലെ 'നിന്നെ പ്രീതിപ്പെടുത്തിയ എല്ലാവരോടും ഒന്നിച്ചു സ്വർഗരാജ്യത്തിൽ നവമായ ജീവിതം' സ്വന്തമാക്കാൻ സ്വർഗാരോപണത്തിരുനാൾ നമ്മെ ഓർമിപ്പിക്കുന്നു. അതിനു നാം എന്ത് ചെയ്യണം? പരിശുദ്ധ അമ്മയുടെ ജീവിതത്തിൽ നിന്ന് തിരഞ്ഞെടുത്ത രണ്ടുകാര്യങ്ങൾ നമുക്ക് വിചിന്തനം ചെയ്യാം.

1. വചനബന്ധിയായ ജീവിതം നയിക്കുക: പരിശുദ്ധ അമ്മ ചെയ്തതുപോലെ കർത്താവ് അരുൾചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് ജീവിതത്തിൽ അടിയുറച്ചു വിശ്വസിക്കുകയും അതിനുവേണ്ടി ജീവിക്കുകയും ചെയ്തവളാണ് പരിശുദ്ധ അമ്മ. കാനായിലെ കല്ല്യാണവിരുന്നിൽവച്ച് (യോഹ 2:1–12) വീഞ്ഞ് തീർന്നുപോയപ്പോൾ തന്റെ മകനിൽ പൂർണമായി വിശ്വാസം അർപ്പിച്ചുകൊണ്ട് പരിചാരകർക്ക് നിർദേശം നൽകുന്ന പരിശുദ്ധ അമ്മ നമുക്ക് മാതൃകയാണ്. "അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ" (യോഹ 2:5). അവർ അനുസരിച്ചു; വെള്ളം വീഞ്ഞായി മാറി. ആറുകൽഭരണികളിൽ വക്കോളം നിറഞ്ഞു തുളു

മ്പിയ ആ മേൽത്തരം വീഞ്ഞ് ദൈവമഹത്ത്വം പ്രകടമായതിന്റെ അടയാളമായി. ദൈവവചനത്തിൽ വിശ്വാസമർപ്പിച്ചവർക്കു ദൈവമഹത്ത്വം ലഭിക്കും എന്ന് പത്തുകുഷ്ഠരോഗികളുടെ ജീവിതവും നമ്മെ പഠിപ്പിക്കുന്നു (ലൂക്കാ 17:11-19). ദൈവമഹത്ത്വം വെളിപ്പെടുത്തപ്പെട്ട ഈ രണ്ടു സംഭവങ്ങളും നമ്മെ ഓർമിപ്പിക്കുന്നത് ദൈവവചനത്തിൽ അടിയുറച്ചു വിശ്വസിക്കുക, അവിടെ അത്ഭുതങ്ങൾ സംഭവിക്കും എന്നാണ്.

2. ദൈവത്തിന് നിരന്തരം കൃതജ്ഞത അർപ്പിക്കുക എന്നത് ദൈവത്തിനു ഏറ്റവും പ്രീതികരമായ പ്രവൃത്തിയാണ്: വചനത്തെ ഉദരത്തിലും ഹൃദയത്തിലും സ്വീകരിച്ച പരിശുദ്ധമറിയം, ബന്ധുവായ എലിസബത്തിനെ ശുശ്രൂഷിക്കാൻ പോയപ്പോൾ മൂന്ന് ദൈവികകാര്യങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നുണ്ട്: 1) തന്റെ അഭിവാദനസ്വരം ശ്രവിച്ചപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി; 2) എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി; 3) എലിസബത്ത് മറിയത്തെകുറിച്ച് നല്ലതുമാത്രം പറഞ്ഞു (ലൂക്കാ 1:39-45). ഈ മൂന്ന് ദൈവികകാര്യങ്ങൾക്ക് മറുപടിയായി സ്തോത്രഗീതം ആലപിക്കുന്ന മറിയം നമുക്ക് മാതൃകയാണ്. "എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു"; "എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു' (ലൂക്കാ 1: 46-47). സങ്കീർത്തകൻ നമ്മെ ഇപ്രകാരം പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നുണ്ട്: "പൂർണഹൃദയത്തോടെ ഞാൻ കർത്താവിനു നന്ദി പറയും. അവിടുത്തെ അത്ഭുതപ്രവൃത്തികൾ ഞാൻ വിവരിക്കും" (സങ്കീ 9:1). പത്തുകുഷ്ഠരോഗികളുടെ സംഭവത്തിലും ഇക്കാര്യം എടുത്തു പറയുന്നുണ്ട്. (ലൂക്കാ 17:15-19). ഓരോ ദിവസവും വിശുദ്ധ കുർബാനയിൽ വൈദികൻ കൈകൾ കൂപ്പി തലകുനിച്ചു പ്രണാമജപങ്ങൾ ചൊല്ലുമ്പോൾ ഇതേ വികാരമാണ് നമ്മിലും ഉണരേണ്ടത്. 'ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങ് ഞങ്ങളുടെമേൽ വർഷിച്ച സമൃദ്ധമായ അനുഗ്രഹങ്ങളെപ്രതി ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു' (ഒന്നാം പ്രണാമ ജപം). 'ഞങ്ങളുടെ കർത്താവായ

ദൈവമേ, സ്വർഗീയഗണങ്ങളോടുകൂടെ അങ്ങേക്ക് ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നു' (രണ്ടാം പ്രണാമജപം). തുടർന്ന്, 'നന്ദി പ്രകാശിപ്പിക്കാൻ കഴിയാത്തവിധം അത്ര വലിയ അനുഗ്രഹമാണ് നീ ഞങ്ങൾക്ക് നൽകിയിരിക്കുന്നത്' (മൂന്നാം പ്രണാമജപം- രണ്ടാം ഭാഗം). 'നീ ഞങ്ങൾക്കു നൽകിയ എല്ലാ സഹായങ്ങ ൾക്കും അനുഗ്രഹങ്ങൾക്കുമായി ഞങ്ങൾ നിനക്ക് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു' (കാനോന, മൂന്നാം പ്രണാമജപത്തിനുശേഷം). ഈ പ്രാർത്ഥനകളെല്ലാം ദൈവത്തിനു കൃതജ്ഞത സമർപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപറയുന്നു.

'പരിശുദ്ധ കന്യകാമറിയത്തെ ആത്മശരീരങ്ങളോടെ സ്വർഗീയ മഹത്ത്വത്തിലേക്കുയർത്തുകയും നിത്യകിരീടമണിയിക്കുകയും ചെയ്ത' (കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാൾ, പ്രാരംഭപ്രാർത്ഥന, വിശുദ്ധ കുർബാന) ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം: 'ദൈവത്തിനു പ്രീതികരമായ രീതിയിൽ ജീവിക്കാനും', ദൈവേഷ്ടം നിർവഹിക്കാനും, 'ശരീരത്തെ നിർമലമായി കാത്തുസൂക്ഷിക്കാനും' 'സദാ സ്വർഗീ യകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചുജീവിക്കാനും കൃതജ്ഞതാനിർ ഭരമായി ജീവിക്കാനും ഞങ്ങളെ സഹായിക്കണമേ. അമ്മേ, മാതാവേ, നിന്റെ 'പ്രാർത്ഥനകൾ ഈ ലോകത്തിൽ ഞങ്ങൾക്ക് ഉറപ്പുള്ള സഹായവും സംരക്ഷണവുമായിരിക്കട്ടെ.'

**ഡോ. ബിൽജു വാഴപ്പിള്ളി**

# ആഗസ്റ്റ് 22
# കൈത്താ 7–ാം ഞായർ

## ഭാഷ്യം

ഏശ 33:1-15 | ലൂക്കാ 18:1-8

### ഏശ 33:1-15
### സന്ദർഭം

ഏശയ്യായുടെ പ്രവാചകശുശ്രൂഷയുടെ അവസാന കാലഘട്ടത്തിൽ നൽകപ്പെട്ട സന്ദേശമായിരിക്കാം ഇത്. ശത്രുവിനെക്കുറിച്ചുള്ള കൃത്യമായ സുചനകളോ ചരിത്രസംഭവങ്ങളെക്കുറിച്ചുള്ള പരാമർങ്ങളോ ഇല്ലാത്തതിനാൽ കൃത്യമായ കാലനിർണയം ബുദ്ധിമുട്ടാണ്.

### സാരം

ശുദ്ധീകരിക്കപ്പെട്ട ജറുസലെം നിത്യമായ സമാധാനം അനുഭവിക്കുമെന്നതാണ് ഈ ഭാഗത്തിന്റെ കാതലായ സന്ദേശം. ആദ്യഭാഗത്ത് സഹായത്തിനായുള്ള അപേക്ഷയും (വാ. 1:6) തുടർന്ന് ദൈവത്തിന്റെ ഇടപെടലുമാണ് (വാ 7:15) പ്രധാനമായും പരാമർശിക്കപ്പെടുന്നത്.

### സന്ദേശം

വിനാശത്തിന്റെ നാളുകളിൽ പ്രവാചകൻ ജനത്തിനുവേണ്ടി ദൈവത്തിന്റെ മുമ്പിൽ അപേക്ഷകളും യാചനകളുമായി കടന്നുവരുന്നു. ദൈവത്തിന്റെ മുൻകാല ഇടപെടലുകളെ അനുസ്മരിച്ചുകൊണ്ട് ദൈവം ഇസ്രായേലിനുവേണ്ടി എന്നും തന്റെ കരമുയർത്തും എന്നതാണ് പ്രവാചകന്റെ പ്രത്യാശ. തിരഞ്ഞെടുക്കപ്പെട്ട നഗരമായ സീയോനെ ദൈവം രക്ഷയും നീതിയും

കൊണ്ട് പൊതിയും. തന്നിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവർക്ക് അവിടുന്ന് സുരക്ഷാസങ്കേതവും രക്ഷയുമായി മാറും.

വിലാപത്തിന്റെ നാളുകളിൽ ദൈവം തന്റെ ശക്തി പ്രകടിപ്പിച്ചുകൊണ്ട് ജനത്തിന് പ്രത്യക്ഷനാകും (വാ. 10), മാത്രമല്ല കർത്താവിന്റെ രോഷാഗ്നിയിൽ അവിടുത്തെ ശത്രുക്കൾ തീയിൽ വൈക്കോലെന്നപോലെയായി മാറും. അങ്ങനെ ദൈവത്തിന്റെ ജനം സമാധാനവും സന്തോഷവും അനുഭവിക്കും.

ദൈവാനുഗ്രഹവും സംരക്ഷണവും ലഭിക്കാൻ ജനം നീതിയുടെ മാർഗത്തിൽ ചരിക്കുന്നവരും തിന്മ പ്രവർത്തിക്കാത്തവരുമായിരിക്കണം. അവരാണ് സുരക്ഷിതരായി വസിക്കാൻ സാധിക്കുന്നവർ. അനീതിയും അക്രമവുംകൊണ്ട് മനുഷ്യൻ ഒന്നും നേടുന്നില്ല എന്നും അങ്ങനെയുള്ളവർക്ക് ദൈവം എതിരാളിയായിത്തീരും എന്ന വ്യംഗ്യമായ സന്ദേശവും ഈ ഭാഗത്തുണ്ട്. എന്നാൽ നീതിമാന് യാതൊന്നിനും കുറവുണ്ടാകുകയില്ല. അവൻ ദൈവത്താൽ നിരന്തരം സംവഹിക്കപ്പെടുന്നവനും ഏതവസ്ഥയിലും സുരക്ഷിതത്വം അനുഭവിക്കുന്നവനുമായിരിക്കും. ദൈവത്തിന്റെ ന്യായവിധിയിൽനിന്ന് രക്ഷനേടാൻ നീതിമാന്മാരുടെ ജീവിതശൈലി ഉണ്ടാകണമെന്നാണ് വചനം ഓർമിപ്പിക്കുന്നത്.

**ഡോ. മാത്യു ഓലിക്കൽ MCBS**

## ലൂക്കാ 18:1-8

## സന്ദർഭം

യേശുവിന്റെ ജറുസലെം ലക്ഷ്യമാക്കിയുള്ള യാത്ര അവസാനിക്കാറായി. പ്രതീക്ഷയും വിശ്വാസവും ജനങ്ങളിൽ പകർന്നുകൊണ്ടാണ് ആ യാത്ര മുമ്പോട്ടുപോകുന്നത്. മനുഷ്യപുത്രന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചാണ് 17-ാം അധ്യായത്തിന്റെ അവസാനഭാഗത്തുള്ളത്. പ്രതിസന്ധിയുടെയും സഹനത്തിന്റെയും ആ സമയത്ത് എത്രത്തോളം ജാഗ്രതയുള്ളവരായിരിക്കണം എന്ന് അവിടുന്ന് പഠിപ്പിച്ചു (17:20-37). അത്തരം ഒരു വിധിനാളിനായി എങ്ങനെ ഒരുങ്ങണം എന്ന് പഠിപ്പിക്കുകയാണ് വിശുദ്ധ ലൂക്കാ സുവിശേഷത്തിൽമാത്രം കാണുന്ന ന്യായാധിപന്റെയും വിധവയുടെയും ഉപമയിലൂടെ (18:1-8).

## സാരം

ഉപമയുടെ ലക്ഷ്യം ആമുഖ പ്രസ്താവനയിലുണ്ട്: "ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം" (18:1). നീതിരഹിതനായ ഒരു ന്യായാധിപനെ ഒരുവശത്തും തോൽക്കാൻ മനസ്സില്ലാത്ത ഒരു വിധവയെ മറുവശത്തും നിർത്തിക്കൊണ്ടാണ് ഉപമ പുരോഗമിക്കുന്നത്. പ്രാർത്ഥനയുടെ കാര്യത്തിൽ എത്രത്തോളം ക്ഷമ ഫലം ചെയ്യുമെന്നുള്ളതാണ് പ്രമേയം.

## സന്ദേശം

1. 'ഭഗ്നാശരാകാതെ പ്രാർത്ഥിക്കുക' (18:1) എന്നാൽ, പ്രതിസന്ധിയിൽ തളരാതെ പ്രാർത്ഥനയിൽ നിലനിൽക്കുക എന്നാണ്. ലൂക്കാസുവിശേഷകന്റെ മുഖക്കുറിപ്പുകളിൽ അതാണ് പ്രാർത്ഥന. സ്നാപകയോഹന്നാന്റെ പിതാവ് പ്രാർത്ഥനാന്തരീക്ഷത്തിലായിരിക്കുമ്പോഴും ജനം മുഴുവൻ പ്രാർത്ഥിക്കുമ്പോഴുമാണ് സ്നാപകന്റെ ജനന അറിയിപ്പുണ്ടാകുന്നത് (ലൂക്കാ 1:9). മേരിയും എലിസബത്തും കണ്ടുമുട്ടുമ്പോൾ ഉയരുന്നത്

പ്രാർത്ഥനാഗീതമാണ് (1:46-56). പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് യേശുവിന്റെ സ്നാന അറിയിപ്പുണ്ടാകുന്നത് (3:21). അതുപോലെ രൂപാന്തരീകരണത്തിലും പ്രാർത്ഥിക്കുന്ന യേശുവിനെ നാം കാണുന്നു (9:28-36). 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന പഠിപ്പിക്കുന്നതും യേശു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന അന്തരീക്ഷത്തിലാണ് (11:1-4). തന്റെ പീഡാനുഭവത്തിനുള്ള ഏറ്റവും വലിയ ഒരുക്കം ഗത്സെമനിയിലെ പ്രാർത്ഥനയായിരുന്നല്ലോ (22:39-46). തളരാതിരിക്കാൻ ശിഷ്യരോടും ഉണർന്നിരുന്ന് പ്രാർത്ഥിക്കാൻ യേശു ഉപദേശിക്കുന്നു. യേശുവിന്റെ മരണവും ഒരു പ്രാർത്ഥനാനുഭവമായിരുന്നല്ലോ (23:46). ഇങ്ങനെ പ്രാർത്ഥിക്കണമെങ്കിൽ വിധവയുടെ ഇച്ഛാശക്തിയുണ്ടാകണം. തോൽവികൊണ്ട് പിന്മാറാനുള്ളതല്ല പ്രാർത്ഥന; അതു വിശ്വാസത്തിന്റെ അളവുകോലാണ്.

2. നീതിക്കുവേണ്ടിയുള്ള നിലവിളിയും അവക്കെതിരെയുള്ള നീതിവ്യവസ്ഥിതിയും എല്ലാകാലത്തുമുള്ള ദുരനുഭവങ്ങളാണ്. അത്തരം ഒരു നീതിനിഷേധത്തിന്റെ ഭീകരരൂപം വരച്ചുകാട്ടുന്നുണ്ട് ഉപമയിൽ. ശക്തനും സ്വാധീനമുള്ളവനുമായ ന്യായാധിപൻ; അദ്ദേഹത്തിനുണ്ടായിരിക്കേണ്ട അടിസ്ഥാന ഭാവങ്ങളാണ് ദൈവഭയവും (സുഭാ 1:7) മനുഷ്യസ്നേഹവും (ലേവ്യ 19:18). ഇവ ഒട്ടും ഇല്ലാത്തവനാണ് ഈ ന്യായാധിപൻ. മറുവശത്തുള്ള വിധവ ദുർബലരുടെ പ്രതിനിധിയാണ്. ഇവർ എപ്പോഴും എല്ലാവരാലും പരിഗണന അർഹിക്കുന്നവരാണ് (നിയ 10:18, 14:29). വിധവയ്ക്ക് നീതി നടത്തിക്കൊടുക്കുന്നത് ഉടമ്പടി വിശ്വസ്തതയായി കണക്കാക്കപ്പെട്ടിരുന്നു (മലാ 3:5). എന്നാൽ, അയാൾ എത്രത്തോളം വിധവക്കെതിരെ പുറംതിരിഞ്ഞു നിന്നാലും അവൾ പിന്മാറുന്നില്ല. അവൾ അസഹ്യമാകുന്നു എന്ന പദപ്രയോഗം സഹികെട്ടുപോകുന്ന ദുർബലരുടെ ഭാഗത്തുനിന്നുണ്ടാകുന്ന പ്രതികരണത്തെ സൂചിപ്പിക്കുന്നു. മുഖമടച്ചു അടിതന്നു, അവൾ തന്റെ കണ്ണുപൊട്ടിക്കുകയും സമൂഹത്തിന്റെ മുമ്പിൽ മാനംകെടുത്തുകയും ചെയ്തേക്കാം എന്ന

ആശങ്കയിൽ അവൾക്ക് നീതി നടത്തിക്കൊടുക്കുന്നു. നീതി അർഹിക്കുന്നവർ നമ്മുടെ ചുറ്റുമുണ്ടെങ്കിൽ അവരുടെ പക്ഷം നിന്നില്ലെങ്കിൽ നമുക്ക് മുഖമടച്ച് അടികിട്ടാൻ സാധ്യതയുണ്ട്.

3. യേശുവിന്റെ മുന്നറിയിപ്പ് നമുക്ക് മുഖവിലക്കെടുക്കാം. "മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ"? ഗൗരവമേറിയ ഒരു വിഷയമാണിത്. യേശുവിന്റെ രണ്ടാം വരവ് എന്നത് യുഗാന്ത്യമാണ്. നീതി പൂർണമായും നടപ്പാകുന്നത് അന്നാണ് (മത്താ 25:31-46). പ്രാർത്ഥനയിൽ മടുപ്പുതോന്നാതിരിക്കണമെങ്കിൽ വിശ്വാസം നഷ്ടപ്പെടാതിരിക്കണം. ഈ പഠനത്തിന്റെ പശ്ചാത്തലം മനുഷ്യന്റെ വരവിനെക്കുറിച്ച് ഈശോ ഇതിനുമുമ്പ് നൽകിയ പഠനമാണ് (17:20-37). വലിയ സഹനങ്ങളുടെയും വെല്ലുവിളിയുടെയും എല്ലാം വിവരണം നൽകുന്നുണ്ട് അതിൽ. എന്നാൽ വിശ്വസിക്കുന്ന തന്റെ ജനത്തിന് ഒന്നും സംഭവിക്കില്ലയെന്നും "നിങ്ങളുടെ ഒരു തലനാരിഴപോലും നശിച്ചുപോവുകയില്ല" എന്നും, നിങ്ങളുടെ ഉറച്ചുനിൽപ്പിലൂടെ നിങ്ങൾ ജീവൻ നേടും എന്നും ഈശോ 21:18-19-ൽ പറയുന്നുണ്ട്. വിശ്വാസത്തിന് ഏറെ പ്രതിസന്ധികൾ നേരിടുന്ന ഇക്കാലത്ത് പത്രോസിനെപ്പോലെ 'ഞങ്ങളുടെ വിശ്വാസം വർധിപ്പിക്കണേ' എന്ന് നിരന്തരം പ്രാർത്ഥിക്കാം.

**ഡോ. ജേക്കബ് മുല്ലൂർ**

# പ്രസംഗം

## ദൈവത്തിൽ വിശ്വസിക്കുക

മറ്റുള്ളവർക്ക് ന്യായം നൽകാത്ത ഒരു ന്യായാധിപന്റെ കഥ പറഞ്ഞാണ് തിരുവചനം ആരംഭിക്കുന്നത്. ന്യായ-അന്യായങ്ങളെ വിവേചിച്ച് വിധി കൽപ്പിക്കേണ്ടവനാണ് ഒരു ന്യായാധിപൻ. അവന്റെ ജോലിയുടെ സ്വഭാവം അവന്റെ ഉത്തരവാദിത്വത്തെ ഓർമ്മപ്പെടുത്തുന്നുണ്ട്. എന്നാൽ യാചനയുമായി വരുന്ന വിധവയ്ക്ക് മുമ്പിൽ അയാൾ നീതി നടപ്പാക്കുന്നില്ല. അതിന് സുവിശേഷകൻ സ്വഭാവസവിശേഷതകൾകൂടി അവതരിപ്പിക്കുന്നുണ്ട്. "ഞാൻ ദൈവത്തെ ഭയപ്പെടുകയോ മനുഷ്യനെ മാനിക്കുകയോ ചെയ്യുന്നില്ല" (18:4). ഒരു സാധാരണ മനുഷ്യന്റെ ജീവിതത്തിലുള്ള ഈ ഗുണങ്ങൾ ന്യായാധിപൻ എന്ന നിലയിൽ ഇല്ലാതിരിക്കേ ആ സ്ഥാനത്തിനു അയാൾ അർഹനല്ല. അങ്ങനെ ആ സ്ഥാനത്തിനുപോലും യോഗ്യതയില്ലാത്ത ഒരുവന്റെ മുമ്പിൽ വർഷങ്ങളായി വിധവ യാചിക്കുകയാണ്. അവസാനം, ന്യായം നടത്തിക്കൊടുക്കാൻ തീരുമാനിക്കുന്നതാകട്ടെ ശല്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലും. നിരന്തരമായ പ്രാർത്ഥനയുടെ ആവശ്യകതയെക്കുറിച്ച് പഠിപ്പിക്കാനാണ് ഈശോ ഈ ഭാഗം അവതരിപ്പിക്കുന്നതെങ്കിലും നമ്മുടെ ജീവിതത്തിലെ ചില മേഖലകളെക്കുറിച്ചും ഈ വചനഭാഗം നമ്മെ ഓർമപ്പെടുത്തുന്നു. നമ്മുടെ സ്വഭാവത്തെയും ജീവിതരീതികളെയും നാം എടുക്കുന്ന നിലപാടുകളെയും അറിയുന്നവനാണ് ദൈവം എന്നുള്ള തിരിച്ചറിവ് നമ്മുടെ ജീവിതത്തിൽ എന്നും ഉണ്ടാവണം.

ഈ കാലഘട്ടത്തിൽ നാം ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വത്തിന് ചേർന്ന ഒരു തലവാചകം നൽകപ്പെടുന്നുണ്ട്. അതിനുചേർന്ന രീതിയിലുള്ള ജീവിതമാണോ നാം നയിക്കു

ന്നത് എന്ന് വിലയിരുത്തുക. ഞാൻ നേതാവാണ് എന്ന് ഒരാൾ പറഞ്ഞാൽ അവൻ നേതൃത്വം നൽകുന്നവനായിരിക്കണം. ഞാൻ ഇടയനാണ് എന്ന് ഒരാൾ പറഞ്ഞാൽ അവൻ ഇടയ ധർമം നിർവ്വഹിക്കാൻ കഴിയുന്നവനായിരിക്കണം. കുടുംബ നാഥൻ കുടുംബത്തിലുള്ളവർക്ക് നാഥനായിരിക്കണം. നാം ഇന്ന് കൂടുതലായി അനുഭവിക്കുന്നത് തിരുവചനത്തിലെ ന്യാ യാധിപന്റെ അവസ്ഥയാണ്. ജീവിതത്തിലെ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വവും തമ്മിൽ ബന്ധങ്ങൾ ഇല്ലാതെയുള്ള ജീവിതംനിമിത്തം ബുദ്ധിമുട്ടുകൾ സഹിക്കുന്ന ധാരാളം വ്യക്തികളെ നമുക്കുചുറ്റും കാണാൻ കഴിയും. നമ്മുടെ സമൂഹം ഇന്ന് നേരിടുന്ന വലിയ വെല്ലുവിളിയും ഇതുതന്നെ. എന്റെ ജീവിതത്തിലേക്ക് വിവിധ ആവശ്യങ്ങളുമായി കടന്നു വരുന്നവരെ അവരുടെ ആവശ്യനിർവ്വഹണത്തിന് കാലതാമസം വരുത്താതിരിക്കാൻ പരിശ്രമിക്കാം. വ്യക്തികളെയും സംഭവ ങ്ങളെയും ഗൗനിക്കേണ്ട രീതിയിൽ ഗൗനിക്കാനും പരിഗണി ക്കേണ്ടവിധത്തിൽ പരിഗണിക്കാനും കഴിയുന്നിടത്താണ് നീതി നടപ്പാകുക. അങ്ങനെ ഒരുജീവിതശൈലി നമുക്ക് ഉണ്ടെങ്കിൽ മാത്രമേ ദൈവത്തിന്റെ മുന്നിൽ നീതിക്കുവേണ്ടി സമീപിക്കാൻ നമുക്ക് അവകാശം ഉണ്ടായിരിക്കുകയുള്ളൂ.

തിരുവചനത്തിന്റെ അടുത്തഭാഗം വളരെ പ്രധാനപ്പെട്ടതാ ണ്. സാധാരണ രീതിയിൽ കുറച്ച് നാളുകൾ ഒരു കാര്യത്തിനു വേണ്ടി പ്രാർത്ഥിച്ചുകഴിയുമ്പോൾ നാം ദൈവവുമായി കല ഹിക്കുകയും ചില അവസരങ്ങളിലെങ്കിലും ദൈവത്തിൽനി ന്നും അകന്നുനിൽക്കുകയും ചെയ്യും. ദൈവം നമ്മെ കേൾക്കു ന്നില്ല, ഗൗനിക്കുന്നില്ല എന്നൊക്കെയാണ് സ്വാഭാവികമായി നാം പറയുക. എന്നാൽ ഈശോ അരുളിച്ചെയ്യുന്നു: “രാവും പകലും തന്നെവിളിച്ച് കരയുന്ന തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് ദൈ വം വേഗം നീതി നടത്തിക്കൊടുക്കു”മെന്ന്. ദൈവം തന്റെ ജന ത്തിന്റെ നിലവിളി കേൾക്കുന്നവനാണ്. കാരണം ദൈവം എന്ന നാമത്തിന്റെ ഭാഗമാണ് അവിടുത്തെ തിരഞ്ഞെടുക്കപ്പെടുന്ന ജനതയുടെ നിലവിളി കേൾക്കുന്നവനാണ് എന്നുള്ളത്. ഇസ്രാ യേൽ ജനത ഈജിപ്തിൽ അടിമകളായി കഴിഞ്ഞിരുന്ന കാല

ത്ത് അവരുടെ നിലവിളിക്ക് ദൈവം നൽകിയ ഉത്തരമായിരുന്നു കാനാൻദേശത്തേക്കുള്ള പുറപ്പാട്. പറുദീസായിൽ പാപംമൂലം നഷ്ടപ്പെട്ടുപോയ ദൈവാനുഭവത്തിനുവേണ്ടി നിലവിളിച്ച ജന തയ്ക്കു ലഭിച്ച ഉത്തരമായിരുന്നു ക്രിസ്തുമസ്. ക്രിസ്തുവിന്റെ കുരിശുമരണത്തിനുശേഷം ഒറ്റപ്പെട്ടുപോയ ഒരു സമൂഹത്തിന്റെ നിലവിളിക്കുള്ള ഉത്തരമായിരുന്നു പന്തക്കുസ്താനുഭവം.

എന്നാൽ, തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ നിലവിളി കേൾ ക്കുന്ന ദൈവത്തിന് ആ ജനതയോട് ഒരു കാര്യം മാത്രമേ ചോദി ക്കാനുള്ളൂ; ദൈവം തന്റെ പേരിനുചേർന്നവിധം പ്രവർത്തി ച്ചാലും ദൈവവിശ്വാസി എന്നപേരിന് യോജിച്ചവിധം ജനത ജീവിക്കുന്നുണ്ടോ? ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനത യെന്ന നിലയിൽ ദൈവത്തിൽ വിശ്വസിക്കുക എന്നതാണ് ന മ്മുടെ ജീവിതത്തിന്റെ തലവാചകം. അതിന് എനിക്ക് സാധി ക്കുന്നു ണ്ടോ?

'ദൈവവിശ്വാസി' എന്ന പേരിനുചേർന്ന ഒരു ജീവിതശൈ ലി എന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോ? പലവിധ പ്രബോ ധനങ്ങൾ ശ്രവിച്ചും പല വ്യക്തികളുടെ സ്വാധീനത്തിൽ ജീവി ച്ചും, അവിശ്വാസത്തിന്റെ തത്വസംഹിതയനുസരിച്ച് സംസാരി ച്ചു മുന്നോട്ടുപോകുന്ന എന്റെ ജീവിതം കണ്ടിട്ടാണ് ഈശോ പറയുന്നത്; 'മനുഷ്യപുത്രൻവരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ' എന്ന്. ഇന്ന് നാം ജീവിക്കുന്ന ലോകത്തിന്റെ രീതി കാണുമ്പോൾ ഈശോയുടെ ഈ സംശയം അതിന്റെ പൂർണ്ണതയിൽ സംഭവിക്കാനുള്ള എല്ലാസാധ്യതകളും ഉണ്ട്. അതിനാൽ ജാഗ്രതയോടെ നിരന്തരം പ്രാർത്ഥനാപൂർവം വിശ്വാസജീവിതത്തിൽ ആഴപ്പെടാൻ ശ്രമിക്കാം.

**ഫാ. പ്രസാദ് കുരിശുങ്കൽ CST**

# ആഗസ്റ്റ് 29
# ഏലിയാ സ്ലീവാ മൂശ 1-ാം ഞായർ

## ഭാഷ്യം

ഏശ 31:4-9 | ലൂക്കാ 18:35-43

### ഏശ 31:4-9
### സന്ദർഭം

ഒന്നാം ഏശയ്യ അല്ലെങ്കിൽ ജറുസലെമിലെ ഏശയ്യാ എന്നൊക്കെ അറിയപ്പെടുന്ന പ്രവാചകനാണ് ഇന്നത്തെ വചനഭാഗത്തിന്റെ അടിസ്ഥാനം. 28:1-33:24 വരെയുള്ള അധ്യായങ്ങൾ, വിവിധങ്ങളായ മുന്നറിയിപ്പുകളാണ്. സിയോന്റെ കേന്ദ്രസ്ഥാനം, നേതാക്കന്മാരുടെ ഉത്തരവാദിത്വം, വിജാതീയരാജ്യങ്ങളുമായുള്ള സഖ്യത്തേക്കാൾ കൂടുതലായി ദൈവത്തെ ആശ്രയിക്കുകയാണ് ഉത്തമം എന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ വേണം വചനത്തെ ഗ്രഹിക്കാൻ. അസ്സീറിയാക്കാരുടെ ആക്രമണത്തിനുമുന്നിൽ യൂദാരാജ്യം ഈജിപ്തുമായി സഖ്യത്തിൽ ഏർപ്പെടാൻ മുൻകൈയെടുക്കുന്ന ചരിത്രസന്ദർഭത്തിൽ സീയോൻ ദൈവത്തിന്റെ പ്രത്യേകസംരക്ഷണത്തിന്റെ കീഴിലാണെന്നും ഈജിപ്തുമായുള്ള കൂട്ടുകെട്ടിന്റെ അർത്ഥമായും വചനഭാഗത്തിന് പശ്ചാത്തലമൊരുക്കുന്നുമുണ്ട്. ദൈവമാണ് സംരക്ഷിക്കുന്നവൻ.

### സാരം

ജറുസലെമിനെതിരെ സെന്നാക്കെരിബ് യുദ്ധവുമായി പുറപ്പെട്ടു വന്നഅവസരത്തിൽ തങ്ങളെ സഹായിക്കാൻ ശക്തിയോ പ്രാപ്തിയോ ഇല്ലാത്ത ഈജിപ്തിൽ ശരണം തേടുന്നത് നിരർത്ഥകമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള അന്തരം ഇസ്രായേൽ മനസ്സിലാക്കി പ്രവർത്തിക്കണം. മനുഷ്യനെ ആശ്രയിക്കുന്നതിനെക്കാൾ ദൈവത്തെ ആശ്രയിക്കുകയാണ് വേണ്ട

ത് (ഏശ 40:6-8; സങ്കീ 146:3-5). മനുഷ്യന്റെ ആശ്രയ ഇടങ്ങളായ രാജാക്കന്മാർ, പടയൊരുക്കങ്ങൾ, സൈനികശക്തി തുടങ്ങിയ ശക്തികളിൽ അഭയം തേടിയാൽ തിരിഞ്ഞോടേണ്ടിവരും. അതുമാത്രമല്ല, ദൈവശിക്ഷയ്ക്ക് അത് കാരണമാവുകയും ചെയ്യും എന്ന് സാരം. ഈജിപ്തിലേക്ക് പ്രതിനിധിസംഘത്തെ അയക്കാനുള്ള ഹെസക്കിയായുടെ തീരുമാനം കർത്താവിലുള്ള വിശ്വാസവും ആശ്രയബോധവും നിരാകരിക്കുന്നതിന് തുല്യമാണ് എന്ന് സാരം. എല്ലാവരുടെയും ഭാഗധേയം നിർണയിക്കുന്നത് ദൈവമാണ്. അവിടുന്ന് മഹോന്നതനാണ്. അവിടുന്ന് വിഭാവനം ചെയ്യുന്നത് നടപ്പാക്കും, ജറുസലെത്തെ സംരക്ഷിക്കും.

## സന്ദേശം

മനുഷ്യൻ എന്നും തന്റെ ശക്തിയിൽ അഭിമാനം കൊള്ളുകയും അതിലാശ്രയിക്കാൻ പ്രേരിതനാകുകയും ചെയ്യുന്നവനാണ്. എന്നാൽ ചരിത്രസംഭവങ്ങളെ ദൈവികപദ്ധതിയുടെ വെളിച്ചത്തിൽ വിശകലനം ചെയ്തുവേണം മനുഷ്യൻ തന്റെ പദ്ധതികളെ രൂപീകരിക്കാൻ. മാനുഷികമായ കൂട്ടുകെട്ടുകളും കണക്കുകൂട്ടലുകളും ദൈവമായുള്ള ബന്ധത്തെ ഉലയ്ക്കുകയോ, ചഞ്ചലപ്പെടുത്തുകയോ ചെയ്യരുത്. വിശ്വാസജീവിതത്തിന് തടസ്സം വയ്ക്കുന്ന കാര്യങ്ങളെ ഉപേക്ഷിക്കുകതന്നെ വേണം. ദൈവജനത്തിന് ദൈവത്തോടാണ് പ്രാഥമികമായ വിശ്വസ്തതയും പ്രതിബദ്ധതയും. മറ്റുള്ളവരുമായുള്ള സുഹൃദ്ബന്ധങ്ങളും കൂട്ടുകെട്ടുകളും അനുദിനജീവിതത്തിൽ സംഭവ്യമാണ്. പക്ഷേ ദൈവത്തിന്റെ സ്ഥാനത്ത് മാനുഷികശക്തികളെ കയറ്റിയിരുത്തുക അപകടകരവും ശിക്ഷാർഹവുമാണ്.

**ഡോ. ജോസഫ് മലേപറമ്പിൽ MCBS**

## ലൂക്കാ 18:35-43

## സന്ദർഭം

കർത്താവിന് സ്വീകാര്യമായ വത്സരം പ്രഖ്യാപിച്ചുകൊണ്ട്, ഈശോ തന്റെ ജറുസലെം യാത്രയിൽ ചെയ്ത അവസാന ത്തേതും അഞ്ചാമത്തേതുമായ അത്ഭുതമാണ് അന്ധനായ യാച കന് കാഴ്ച നൽകുന്നത്. ദൃഢനിശ്ചയത്തോടെ (9:51) ജറുസ ലെത്തേയ്ക്ക് യാത്ര തുടങ്ങുന്ന ഈശോ സഹനമരണോത്ഥാ നങ്ങൾവഴി സ്വർഗപിതാവിങ്കലേക്ക് യാത്രചെയ്യുന്ന വഴിയാ ണത്. ശിഷ്യത്വത്തിന്റെ വൈവിധ്യമാർന്ന പാഠങ്ങൾ (9:51-19:46) ലൂക്കായുടെ സുവിശഷത്തിന്റെ കേന്ദ്രഭാഗമെന്നറിയപ്പെടുന്ന യാത്രാവിവരണത്തിന്റെ അവസാനഘട്ടമാണ് സന്ദർഭം. ഈ യാത്രയിൽ ഈശോ ശിഷ്യരുടെ പരമഗുരുവാണ്. ദൈവരാ ജ്യമാണ് മുഖ്യവിഷയം. സഹിച്ച് മഹത്ത്വത്തിലേക്ക് പ്രവേശി ക്കാൻ ജറുസലെമിലേക്ക് യാത്രചെയ്യുന്ന ഈശോയുടെ ആത്മ ത്യാഗത്തിന്റെ ശൈലി ശിഷ്യരുടെ കണ്ണുകളെ തുറപ്പിക്കാൻ അന്ധന് നൽകുന്ന കാഴ്ച കാരണമാകേണ്ടിയിരിക്കുന്നു.

## സാരം

4:16-20-ൽ കുറിച്ചിട്ട സുവിശേഷത്തിന്റെ സംക്ഷിപ്തവാക്യം ഇവിടെ പുനരാവർത്തിക്കപ്പെടുന്നുണ്ട്. അന്ധർക്ക് കാഴ്ച നൽകാൻ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട പിതാ വിനാൽ അയയ്ക്കപ്പെട്ട മെസിയാനിക പ്രവാചകനാണ് ഈ ശോ. അന്ധനും യാചകനുമായവന് ജനത്തിൽനിന്ന് പുറന്ത ള്ളപ്പെട്ടവനാണ് കാഴ്ച നൽകുന്നത് (4:18;7:22;13:21;16:1). അന്ധൻ നിസ്സഹായരുടെ ഗണത്തിൽപ്പെട്ടവനാണ്. എന്നാൽ അവന്റെ വിശ്വാസതീക്ഷ്ണതയും ഹൃദയഭേദകമായ അഭ്യർത്ഥനയും ഈ ശോയുടെമുമ്പിൽ അവനെ സ്വീകാര്യനാക്കി. ദൈവം പാവങ്ങ ളുടെ ദൈവമാണ്. മിശിഹായിൽ അവതീർണനായി രക്ഷയുടെ കേന്ദ്രത്തിലേക്ക് നടന്നടുക്കുന്ന ഈശോയെയാണ് 'ദാവീദിന്റെ പുത്രൻ' എന്ന് അഭിസംബോധന ചെയ്യുന്നത്. പിതൃഹിതം നിറവേറ്റി പിതൃസന്നിധിയിൽ രാജകീയപദവി സ്വീകരിക്കാൻ പോകുന്ന ഈശോയെ തിരിച്ചറിയാനുള്ള ആന്തരിക കാഴ്ച

അന്ധയാചകനിൽ തിരിച്ചറിയണമെന്ന് സാരം. ഉച്ചത്തിലുള്ള നിലവിളി ഈശോയിലുള്ള അവന്റെ അഗാധമായ വിശ്വാ സം വെളിപ്പെടുത്തുന്നു. സ്ഥിരമായി പ്രാർത്ഥിക്കുന്ന വ്യക്തിത്വമാണ് അന്ധനിൽ വെളിവാകുന്നത്. അന്ധയാചകനായ ദരിദ്രനിൽ യേശുവിന്റെ കരുണ ഫലം നൽകുന്നു. ഇത് കാണുന്ന ശിഷ്യന്മാരുടെ വിശ്വാസ ദർശനങ്ങൾ പുനർചിന്തയ്ക്കുവിധേയമാകണം. അന്ധന്റെ തീക്ഷ്ണതയും വിശ്വാസവും കാഴ്ച ലഭിക്കാൻ കാരണമായി എന്നുമാത്രമല്ല സഹനമരണോത്ഥാനങ്ങളിലൂടെ പിതൃഭവനത്തിലേക്ക് യാത്രയാകുന്ന ഈശോയുടെ ജീവിതശൈലി ഗ്രഹിക്കുന്നതിന് ശിഷ്യരെ വെല്ലുവിളിക്കുകയും ചെയ്യുന്നുണ്ട്.

പീഡാനുഭവ മരണോത്ഥാനങ്ങളിലേക്ക് യാത്രചെയ്യുന്ന ഈശോയെ പിഞ്ചെന്നുകൊണ്ടുവേണം മാതൃകാശിഷ്യനാകാൻ എന്നുസാരം. ആത്മത്യാഗത്തിലൂടെ മഹത്ത്വത്തിലേക്ക് നീങ്ങുന്ന ഈശോയ്ക്ക് പിന്നീട് നൽകുവാനിരിക്കുന്ന രാജകീയപ്രവേശഗണത്തിൽ ലഭിക്കുന്ന സ്തുതിപ്പുകളുടെ ധ്വനികൾ ഇവിടെ വ്യംഗ്യമാണ്. വിശ്വാസതീക്ഷ്ണതയോടെയുള്ള യേശു അനുഗമനം ജീവിതവഴികളിൽ രക്ഷനൽകും.

## സന്ദേശം

ദരിദ്രരോടുള്ള സുവിശേഷത്തിന്റെ ഭാവാത്മകമായ ഫലപ്രാപ്തിയുടെ മാതൃകയാണ് അന്ധനായ യാചകൻ. അദ്ദേഹത്തിന്റെ വിശ്വാസതീക്ഷ്ണതയും പ്രതിബന്ധങ്ങളെ തരണം ചെയ്യാനുള്ള ദൃഢനിശ്ചയവും അദ്ദേഹത്തെ മാതൃകാശിഷ്യനാക്കി. ഈശോയെ ജീവിതവഴികളിൽ കണ്ടുമുട്ടുന്ന ആർക്കും ശിഷ്യനാകാം. യഥാർത്ഥ ഈശോയുടെ ജീവിതശൈലിയും ദൈവേഷ്ടം നിറവേറ്റലും തിരിച്ചറിയുന്നതിനുള്ള ആന്തരീക ദർശനമുണ്ടാക്കണമെന്നുമാത്രം. അതിന് ആരും തടസ്സമാകരുത്; തടസ്സം നിൽക്കരുത്.

പരാജയങ്ങളിലും സ്ഥിരോത്സാഹത്തോടെ നിൽക്കുന്നവനാണ് ഈ വ്യക്തി. കടന്നുപോകുന്ന ഭാവസാന്നിധ്യത്തെപ്പോലും തിരിച്ചറിയുന്നവൻ. പലരും വഴിമുടക്കിയിട്ടും ഈശോയി

ലുള്ള വിശ്വാസം കർത്താവിനോട് കരുണ യാചിക്കാൻ അവനെ നിർബന്ധിക്കുന്നു. ഈശോ അത് നൽകുകയും ചെയ്യുന്നു. ജീവിതത്തിൽ ആത്മീയ അന്ധതയിൽ തങ്ങിനിൽക്കുന്നതിനു പകരം ഈശോയൊടൊപ്പം സഹനത്തിലേക്കും ശുശ്രൂഷയിലേക്കും അർപ്പണത്തിലൂടെ അനശ്വരതയിലേക്കും നമുക്ക് യാത്രചെയ്യാം.

**ഡോ. ജോസഫ് മലേപറമ്പിൽ MCBS**

---

# പ്രസംഗം

## ജനാരവങ്ങളെ ജയിച്ച വിശ്വാസം

പുണ്യംപോലെ പകർന്നുകിട്ടിയ വെളിച്ചം തലമുറകൾ തോറും കൈമാറേണ്ടവരും പകർന്നുനൽകേണ്ടവരും തമസിനോട് ചേർന്നുനിൽക്കുമ്പോൾ ഈ ലോകവും അന്ധകാരമയമാകും. ആധുനികലോകത്തിൽ വചനമാകുന്ന വെളിച്ചവുമായി വിശ്വാസത്തിന്റെ ഉൾക്കണ്ണുതുറന്ന് കാഴ്ചയുള്ളവരായി മാറാനുള്ള ആഹ്വാനമാണ് ഏലിയ-ശ്ലീവാമൂശക്കാലത്തിന്റെ ആദ്യആഴ്ച നമുക്ക് തരുന്നത്. കർത്താവിന്റെ രണ്ടാം ആഗമനവും സ്ലീവായുടെ വിജയവും അനുസ്മരിക്കുന്ന ഈ കാലത്തിൽ, നമ്മുടെ വിശ്വാസജീവിതത്തെ അന്ധയാചകന്റെ വിശ്വാസസാക്ഷ്യവുമായി ഒന്നു തുലനംചെയ്യാം.

വചനഭാഗത്തെ പ്രധാനകഥാപാത്രം ഒരു അന്ധയാചകനാണ്. ഈശോ തന്റെ പീഡാനുഭവത്തെപ്പറ്റിയുള്ള മൂന്നാം പ്രവചനത്തിനുശേഷം നടത്തുന്ന അത്ഭുതമാണിത്. ജറീക്കോയിൽ വച്ചാണ് ഈ അത്ഭുതം പ്രവർത്തിക്കുന്നത്. ദൈവമായ കർത്താവ് അത്ഭുതകരമായ വിധത്തിൽ ഇടപെട്ടപ്പോൾ ഇസ്രായേൽക്കാർക്ക് ജറീക്കോപട്ടണം സ്വന്തമായതിനെക്കുറിച്ച് ജോഷ്വായുടെ പുസ്തകം ആറാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്. പ്രാർത്ഥനയുടെ ശക്തികണ്ട പട്ടണമാണ് ജറീക്കോ. പ്രാർത്ഥനയുടെ മുമ്പിൽ എതിർശക്തികളെല്ലാം തകർന്നുതരിപ്പണമാകുമെന്ന് ജോഷ്വാ ജനത്തെ പഠിപ്പിച്ചത് ജറീക്കോയിൽവച്ചാണ് (ജോഷ്വാ 6:1-16).

Date of Publication: 13 July 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23 (Page 40)

ലൂക്കാ സുവിശേഷം 18-ാം അധ്യായത്തിൽ കാണുന്ന ശിശുക്കളോട് (ലൂക്കാ 18:15-17) ഈ അന്ധയാചകനെ താദാത്മ്യപ്പെടുത്താം. ഇരുകൂട്ടരും നിസ്സഹായരായിരുന്നു. ഇരുവരും ക്രിസ്തുവിലേക്ക് എത്തിപ്പെട്ടവരുമാണ്. ശിശുക്കൾക്ക് ക്രിസ്തുവിലേക്കുള്ള മാർഗതടസ്സം ശിഷ്യരായിരുന്നെങ്കിൽ, അന്ധന് അത് ജനക്കൂട്ടമായിരുന്നു. എങ്കിലും നിഷ്കളങ്കത ശിശുക്കൾക്ക് ക്രിസ്തുവിലേക്കുള്ള മാർഗമായപ്പോൾ അന്ധന് അവന്റെ വിശ്വാസവും അതിന്റെ പ്രഘോഷണവുമായിരുന്നു രക്ഷാമാർഗം.

ഈശോയിലേക്കെത്താനുള്ള നമ്മുടെ യാത്രകളെയും പരിശ്രമങ്ങളെയും ചിലപ്പോഴൊക്കെ ചില 'ജനക്കൂട്ടങ്ങൾ' ഇതുപോലെ തടസ്സപെടുത്താറുണ്ട്. ഈശോയുടെ കുരിശുമരണത്തിനുപിന്നിലും ഒരു ജനക്കൂട്ടത്തിന്റെ ആക്രോശങ്ങൾ മുഴങ്ങിയിരുന്നു. സൗഹൃദത്തിലായിരുന്ന സാവൂളും ദാവീദും ജനക്കൂട്ടത്തിന്റെ വാക്കുകളാൽ ശത്രുക്കളാവുന്നത് സാമുവേലിന്റെ ഒന്നാം പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. ചിലപ്പോഴെങ്കിലും മറ്റുള്ളവർ എന്തുവിചാരിക്കും എന്നുകരുതി നന്മയുടെ മാർഗങ്ങൾ വിട്ടുകളയുന്ന, മൂല്യങ്ങളിൽനിന്ന് ഓടിയകലുന്ന നമുക്കുമുമ്പിൽ ഈ അന്ധയാചകൻ ഒരു ചോദ്യചിഹ്നം ആകുന്നുണ്ട്.

മാർഗതടസ്സങ്ങൾ ഏറിയപ്പോൾ കൂടുതൽ ഉച്ചത്തിൽ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുചൊല്ലുന്ന അന്ധയാചകൻ നമ്മുടെ ജീവിതങ്ങൾക്ക് മാതൃകയാവട്ടെ. നിലവിളിക്കുന്ന ജനതകൾക്ക് ഉത്തരം നൽകുന്നവനാണ് മിശിഹാ എന്ന അന്ധന്റെ ഉത്തമബോധ്യം നമ്മുടെ ജീവിതങ്ങളിലും ഉണ്ടാകട്ടെ. എങ്കിൽ മാത്രമേ, ജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും ഉയരുമ്പോൾ, പരാജയങ്ങളും തകർച്ചകളും നേരിടുമ്പോൾ ക്രിസ് തുവിലുള്ള വിശ്വാസത്തെ നിരാകരിക്കാതെ, ഉറക്കെ പ്രഖ്യാപിക്കാൻ നമുക്കും ശക്തിലഭിക്കുകയുള്ളൂ. പ്രതിസന്ധിഘട്ടങ്ങളിൽ ക്രിസ്തുവാകുന്ന വിശ്വാസവെളിച്ചത്തിൽ നിന്നകന്ന് നിരാശയുടെ അന്ധകാരത്തിൽ ആണ്ടുപോകുന്ന നമ്മുടെ ജീവിതത്തിന് ഈ അന്ധയാചകൻ വഴിവിളക്കാവട്ടെ.

**ഫാ. ജോണി വെട്ടുകാട്ടിൽ MCBS**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Anaswara Offset, Kochi*